# ജാമക്കാരൻ
# JAMAKKARAN

VOLUME - 2 Reg NO.TNBIL/2016/70171 ISSUE - 5
MAY 2018 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൽ പ്രിയരെ,

ഈ മാസ ജാമക്കാരനിലൂടെ ഞങ്ങളുടെ ആശംസകൾ അറിയിക്കുന്നു. ഈ ലക്കം പ്രസിദ്ധീകരിച്ച് വിതരണം ചെയ്യാൻ ദൈവം സഹായിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും സഹായിക്കുകയും ചെയ്യുന്ന ഏവരെയും ഓർത്ത് വീണ്ടും ഒരിക്കൽ കൂടെ ദൈവത്തെ സ്തുതിക്കുന്നു.

ഈ ലക്ക മുഖപ്രസംഗത്തിൽ ദേശത്തിൽ നടക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും, ഭരിക്കുന്നവരെക്കുറിച്ചും പ്രാർത്ഥിക്കുവാൻ ചില കാര്യങ്ങൾ രേഖപ്പെടുത്തുന്നു. ഇന്നാളുകളിൽ ദൈവമക്കൾക്കും, ദൈവവേലകൾക്കും, സഭകൾക്കും ഉപദ്രവങ്ങൾ ഏറിക്കൊണ്ടിരിക്കുന്നത് അറിയുന്നുവല്ലോ. ഒരു കാലത്ത് വടക്കേ ഇന്ത്യയിൽ മാത്രം ഉണ്ടായിരുന്ന ഉപദ്രവങ്ങൾ – ദൈവമക്കളെ ഉപദ്രവിക്കുക, പരിക്കേല്പിക്കുക, സഭാ മന്ദിരങ്ങൾ തകർക്കുക, തീവച്ച് നശിപ്പിക്കുക എന്നിവ തെക്കേ ഇന്ത്യയിലും നടന്നുവരുന്നു. ഇതിനെല്ലാം പ്രധാന കാരണം ഭരിക്കുന്ന സർക്കാരും, **കാവി ഭീകരതയുമാണ്.** ആർ.എസ്.എസിന്റെ റിമോട്ട് കൺട്രോളായ ബി.ജെ.പി അധികാരത്തിലേറിയ നാൾ മുതൽ രാജ്യത്തിന്റെ മുക്കും മൂലയും പ്രശ്നങ്ങളും, പ്രയാസങ്ങളും, കഷ്ടതകളുമാണ്. ഇതിൽ പ്രതികരിക്കേണ്ട പ്രധാനമന്ത്രി പ്രതികരിക്കാതെ **മൗനസ്വാമി**യായിരുന്ന നരസിംഹറാവുവിന്റെ **മൂടുപടം** അണിഞ്ഞ് നടക്കുന്നു.

# MAY 2018

നിലവിൽ 3 സർവ്വാധികാരികൾ ഉണ്ടെന്ന് പറയപ്പെടുന്നു. 1) വടക്കൻ കൊറിയ 2) ചൈന 3) റഷ്യ എന്നിവയാണത്. നാലാമതായി അക്കൂട്ടത്തിൽ ഇന്ത്യയെയും ചേർത്ത് – സർവ്വാധികാരിയാകുവാൻ മോദി രഹസ്യ പദ്ധതിയിട്ടുള്ളതായി റിപ്പോർട്ടുകൾ പുറത്തുവരുന്നു.

എം.പിമാരുടെ എണ്ണം അധികമായതിനാൽ മോദി ഒരു മനുഷ്യനിൽ നിന്ന് ക്രൂര മൃഗത്തിന്റെ ഗണത്തിലേക്കു എത്തിച്ചേർന്നിരിക്കുന്നു. ദൈവസഭയെ കാവിഭീകരർ ആക്രമിക്കുന്നത് മോദി കണ്ടിട്ടും കാണാത്തതുപോലെ അഭിനയിക്കുന്നു.

സുപ്രീംകോടതി എസ്.സി/എസ്.റ്റി നിയമത്തിൽ വരുത്തിയ ഭേദഗതികൾ ഇന്ത്യ മുഴുവൻ അശാന്തിയും അക്രമവും നിറഞ്ഞതാക്കി മാറ്റിയിരിക്കുന്നു. മതധർമ്മമനുസരിച്ചുള്ള ജാതിശ്രേഷ്ഠർ ഒരു കാലത്ത് കൂലിവേല ചെയ്യുന്നവരെ അടിമകളാക്കി വച്ചിരിക്കുന്നു. മിഷണറികൾ സുവിശേഷത്തിലൂടെ അവർക്ക് വിടുതലിന്റെ കാഹളമൂതി, ഇന്നും സുവിശേഷം കടന്നു ചെന്നിട്ടില്ലാത്ത ഇടങ്ങളിൽ അവർ ദാസ്യവേല ചെയ്യുന്നു. ഈ നിയമഭേദഗതിയിലൂടെ ഇന്ത്യ മുഴുവനുമുള്ള ഭൂരിപക്ഷത്തെ ദാസ്യത്തിൽ തളച്ചിടാനാണ് കേന്ദ്രസർക്കാർ വളഞ്ഞ വഴിയിലൂടെ ശ്രമിക്കുന്നത്.

കഴിഞ്ഞ ശ്രീ. വാജ്പെയ് സർക്കാരിന്റെ കാലത്ത് കാവിഭീകരർ കോടതികളിൽ ജഡ്ജുമാരായി കാവിഭക്തിയുള്ളവരെ ഒത്തിരി തിരുകി കയറ്റി. അക്കൂട്ടത്തിൽപ്പെടുന്ന കാവി ചെന്നായയാണ് ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ്. ലോക കോടതികളുടെ ചരിത്രത്തിൽ ഒരു സുപ്രീംകോടതിയിലും അവിടുത്തെ ചീഫ് ജസ്റ്റിസിനെതിരെ മറ്റു ജഡ്ജുമാർ പരസ്യമായി രംഗത്തിനിറങ്ങിയിട്ടില്ല.

ആ റെക്കോർഡ് ഇന്ത്യ ഭേദിച്ചിരിക്കുന്നു. സുപ്രീംകോടതിയിൽ നടക്കുന്ന അനാശ്യാസം, വൃത്തികെട്ട, ചീഞ്ഞളിഞ്ഞ കാര്യങ്ങളെ 4 സുപ്രീംകോടതി ജഡ്ജുമാർ പത്രസമ്മേളനം കൂട്ടി ലോകത്തോട് വിളിച്ചറിയിച്ചിരിക്കുന്നു. ചീഫ് ജസ്റ്റിനെതിരെ ഗുരുതര ആരോപണങ്ങളാണ് അവർ മുന്നോട്ടു വച്ചത്. അത് സ്വമേധയാ കേസായി. ആ കേസിനി 2 ജഡ്ജുകൾ അടങ്ങുന്ന ബെഞ്ച് വിധി പ്രഖ്യാപിച്ചു. ആ വിധി ചീഫ് ജസ്റ്റിസ് നിരോധിച്ചശേഷം ഇപ്രകാരം പറഞ്ഞു: ഇന്ത്യൻ ചീഫ് ജസ്റ്റിസിന് സർവ്വ അധികാരങ്ങളുമുണ്ട്. അതിനെ ചോദ്യം ചെയ്യാനുള്ള അവകാശം ആർക്കുമില്ല" എന്നാണ്. ഇതിന്റെയെല്ലാം പിന്നിൽ കാവിഭീകരരെന്ന് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു.

സുപ്രീംകോടതി ജഡ്ജി നിയമനങ്ങളിൽ മാറ്റം വരുത്തുവാൻ – കൊളിജീയം നവീകരണം എന്ന പുതിയ വ്യവസ്ഥിതി നടപ്പിൽ വരുത്തുവാൻ കാവിതീവ്രവാദികൾ പദ്ധതിയിട്ടു. ഹൈക്കോർട്ട്, സുപ്രീംകോടതിയിലെ ജഡ്ജി നിയമനങ്ങളിൽ സർക്കാരിന്റെ നേരിട്ടുള്ള ഇടപെടിലൂടെ കാവിഭീകരരെ അകത്തു കയറുവാൻ കാവികൾ പദ്ധതിയിട്ടു.

ദൈവകൃപയാൽ കാവിഭീകരർ ആ പദ്ധതിയിൽ തോറ്റു.

കാവി ഭീകരത അടുത്ത് ലക്ഷ്യമിടുന്നത് ഒരൊറ്റ ഇന്ത്യ – ഒരൊറ്റ മതം – ഒരൊറ്റ ഭാഷ – ഒരൊറ്റ നിയമം – ഒരൊറ്റ നികുതി തുടങ്ങി അനേകം "ഒന്നു" കളാണ്.

യോഗയിലൂടെ, സൂര്യനമസ്കാരത്തിലൂടെ ഹിന്ദുത്വകാർഡ് ഇറക്കുവാൻ കാവികൾ ശ്രമിച്ചു. സ്രഷ്ടാവിനെ മറന്ന് സൃഷ്ടിയെ നമസ്കരിക്കുന്ന അന്യാഗ്നിയാണ് സൂര്യനമസ്കാരം.

ധാർമ്മികത തൊട്ടുതീണ്ടിയിട്ടില്ലാത്ത കാവി സന്യാസികളെയും, സന്യാസിനികളെയും എം.എൽ.എ, എം.പി, മന്ത്രിമാർ തുടങ്ങിയ പദവികൾ കൊടുത്ത് കാവിഭീകരത സർവ്വത്രമാക്കി. അതിൽ ഒരു വ്യക്തിയാണ് ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ.യോഗി അവർകൾ. യോഗി ഭരിക്കുന്ന സംസ്ഥാനത്താണ് ഒരു ബാലികയെ കൂട്ട ബലാത്സംഗം ചെയ്ത് ക്രൂരമായി കൊലപ്പെടുത്തിയും ആ സംസ്ഥാനത്തു തന്നെ മറ്റൊരു പെൺകുട്ടി കാവി തീവ്രവാദിയായ ഒരു എം.എൽ.എയുടെ ബലാത്സംഗ ശ്രമത്തിൽ മരിക്കപ്പെട്ടു. പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ എം.എൽ.എ തന്നെ ഉത്തരവാദി എന്ന് തെളിഞ്ഞിരിക്കുന്നു. യോഗി ആ എം.എൽ.എയെ അറസ്റ്റുചെയ്തില്ല. പ്രശ്നം രൂക്ഷമായപ്പോൾ കോടതി ഇടപെട്ടതിനാൽ വേറെ വഴിയില്ലാതെ അറസ്റ്റു ചെയ്തു.

അധോലോക നായകനും, മാഫിയാ തലവനും സമാന്തര ഗവ: നടത്തിയവനും ആയിരക്കണക്കിന് പെൺകുട്ടികളുടെ ചാരിത്ര്യം പിച്ചിച്ചീന്തിയവനുമായ അസറാം ബാപ്പുജി എന്ന കാവിതീവ്രവാദി അനുകൂലിയുടെ കപടസന്യാസിക്കു കാവി ഗവ: എല്ലാ ഒത്താശകളും ചെയ്തു കൊടുത്തിരുന്നു. കോടതിയുടെ ഇടപെടൽ കൊണ്ടാണ് വേറെ വഴിയില്ലെന്ന് കണ്ടിട്ട് അറസ്റ്റു ചെയ്തു.

8 വയസ്സു പെൺകുട്ടിയെ പിച്ചിച്ചീന്തി കൊലപ്പെടുത്തിയത് ലോകം കണ്ട് ഞെട്ടി. യു.എൻ.കൗൺസിലിന്റെ പ്രസിഡന്റ് ഈ സംഭവം കേട്ട് കരഞ്ഞത് ഞാൻ തന്നെ വാട്സ് ആപ്പിൽ കണ്ടു അയാൾ പറഞ്ഞത് "ഇന്ത്യയിൽ എന്ത് സംഭവിക്കുന്നു? ക്രമസമാധാനം എന്നൊന്ന് ഇന്ത്യയിലുണ്ടോ?" അദ്ദേഹം തുടർന്നു: "കഴിഞ്ഞ ഒരു വർഷം മാത്രം പത്തായിരത്തിലധികം പെൺകുട്ടികൾ ബലാത്സംഗത്തിന് ഇരയായിരിക്കുന്നു. ഇത് ഏറ്റവും വലിയ ക്രൂരതയാണ്."

അമേരിക്കൻ പ്രസിഡന്റ് ട്രംപ് അവർകൾ ഇന്ത്യൻ കാവി പ്രധാനമന്ത്രിക്ക് ഒരു മുന്നറിയിപ്പ് കത്ത് നല്കിയിരിക്കുന്നു. "പെൺകുട്ടികളുടെ ജീവന് ഭീഷണിയും സഭാമന്ദിരങ്ങൾ നശിപ്പിക്കുന്നതും തുടർന്നാൽ ഞങ്ങളിടപെടേണ്ടി വരും." ബി.ബി.സി ഈ വാർത്ത റിപ്പോർട്ട് ചെയ്തിരിക്കുന്നു. അതിന് കാവി പ്രധാനമന്ത്രിയുടെ മറുപടി **"മൗനം"** എന്ന മുഖമൂടി ആണ്.

കാവേരി നദി ട്രൈബ്യൂണൽ സ്ഥാപിക്കുന്ന വിഷയം കർണാടക സംസ്ഥാന നിയമ സഭാ തെരഞ്ഞെടുപ്പ് നടക്കുന്നതു വരെ പറയാനാകില്ല എന്ന് കാവി മോദി അറിയിച്ചിരിക്കുന്നു. ഇന്ത്യയിൽ ഭൂരിപക്ഷ സംസ്ഥാനങ്ങളും കാവിയുടെ കരാളഹസ്തത്തിന്റെ അകത്താക്കി. ബാക്കിയുള്ള സംസ്ഥാനങ്ങളും കാവിമയമാക്കാൻ ഇലക്ഷൻ കമ്മീഷനിലും കാവി തീവ്രവാദികളെ കയറ്റിയിരിക്കുന്നു.

സാമ്പത്തിക കാര്യങ്ങൾ കാവി പദ്ധതികൾ നടപ്പിലാക്കാൻ കാവിതീവ്ര അനുഭാവിയെ ആർ.ബി.ഐ ഗവർണറായി നിയമിച്ചിരിക്കുന്നു. ഇന്ത്യ മുഴുവൻ കാവി മയമാകുവാൻ അഭിനയത്തികവുള്ള വ്യക്തിയെ കാവി തീവ്രവാദികൾ പ്രതിഷ്ഠിച്ചിരിക്കുന്നു – അതാണ് മോദി.





ഈ ചിത്രത്തിൽ കാണുന്നത് ഒരു ക്രിസ്ത്യൻ ആശുപത്രിയെ തകർത്ത്, അവിടെയുള്ളവരെ ഉപദ്രവിച്ചതുമാണ്. ഇപ്പോൾ തകർത്തുകൊണ്ടിരിക്കുന്നത് ചെറിയ സഭാ മന്ദിരങ്ങളെയുമാണ്. mainline സഭകളെ ഇവർ ആക്രമിക്കുകയില്ല എന്ന് അഹങ്കരിച്ചിരിക്കരുത്. mainline സഭാ മന്ദിരങ്ങളെയും കാവി തീവ്രവാദികൾ ആക്രമിക്കുന്നത് അത്ര വിദൂരത്തിലല്ല.

അധർമ്മത്തിലൂടെ പ്രത്യക്ഷത തുടങ്ങിയതിനാൽ അതിന്റെ തുടക്കമാണ് എവിടെയും.

**ഇക്കാലത്ത് നാം ചെയ്യേണ്ടത് എന്ത്?**

ഭൂരിപക്ഷം പേരോട് ചേർന്ന് ഞാനും പറയുന്നു : "പ്രാർത്ഥിക്കാം, ഉപവസിച്ച് പ്രാർത്ഥിക്കാം." പല സ്ഥലങ്ങളിലും പ്രാർത്ഥനകൾ തുടങ്ങി. മൗനജാഥകൾ നടത്തി നിവേദനങ്ങൾ കളക്ടർക്കും മുഖ്യമന്ത്രിക്കും നല്കുന്നു. ഇന്ത്യയിലെ കത്തോലിക്കാ കർദ്ദിനാൾ സംഘം പ്രധാനമന്ത്രിയെ നേരിൽക്കണ്ട് നിവേദനം നല്കി. സി.എസ്.ഐ സഭകളെ പ്രതിനിധീകരിച്ച് മോഡറേറ്റർ അവർകൾ ഒരു തുറന്ന കത്ത് പ്രധാനമന്ത്രിക്കു നൽകി; അതിന്റെ കോപ്പികൾ മാധ്യമങ്ങൾക്കും നല്കി. ഇതിനു പ്രധാനമന്ത്രിയുടേത് – മൗനമുഖമൂടി – മറുപടിയാണ്.

ഇപ്രാവശ്യം എഡിറ്റോറിയൽ വളരെ നീണ്ടുപോയി. കാരണമുണ്ട്. നമ്മുടെ രാജ്യത്തിന്റെ സ്ഥിതി അപകടസ്ഥിതിയിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. ഈ അപകടവേളയിൽ ജാമക്കാരൻ നിങ്ങളോടറിയിക്കുന്നത്: കർദ്ദിനാൾ തിരുസംഘത്തിന് കത്ത് നല്കാം, മോഡറേർക്ക് കത്ത് നല്കാം, അവിടവിടെയായി കൂടി പ്രാർത്ഥിക്കാം. പക്ഷേ, മറുപടി വരിച്ച ആദ്യം നിങ്ങൾ നിങ്ങളുടെ ദുഷ്പ്രവൃത്തികളിൽ മനംമാറി, ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞ് യഥാർത്ഥ അനുതാപമുള്ളവരായി ദൈവമക്കളായ ശേഷം പ്രാർത്ഥിക്കുമെങ്കിൽ ദൈവം പ്രാർത്ഥന കേൾക്കും – മറുപടി നല്കും.

രക്ഷിക്കപ്പെടാത്തവരുടെ, മാനസാന്തരപ്പെടാത്തവരുടെ ചങ്ങല പ്രാർത്ഥനകൾ, ഉപവാസ പ്രാർത്ഥനകൾ, മുഴുരാത്രി പ്രാർത്ഥനകൾ, പ്രത്യേക പ്രാർത്ഥനകൾ തുടങ്ങി എന്തെല്ലാം അഭ്യാസങ്ങൾ നിങ്ങൾ കാണിച്ചാലും അതെല്ലാം വ്യർത്ഥം!! വ്യർത്ഥം!! കർദ്ദിനാളായാലും, മോഡറേറ്ററായാലും, ബിഷപ്പായാലും, അച്ചനായാലും, പാസ്റ്ററായാലും രക്ഷിക്കപ്പെടാത്ത, മാനസാന്തരപ്പെടാത്ത, അനുതാപമില്ലാത്ത എല്ലാ ശ്രമങ്ങളും വ്യർത്ഥം.

സഭകൾക്കകത്ത് – അഴിമതിക്കാരും, വിഭാഗീതകളും, ജാതികളുടെ കാളക്കൂടവും, കോടതിത്തർക്കങ്ങളും വച്ചുകൊണ്ട് പ്രാർത്ഥിക്കാൻ മാത്രം ഒത്തുകൂടിയാൽ ദൈവം പ്രസാദിക്കുമോ? കേൾക്കുമോ? മറുപടി തരുമോ? സി.എസ്.ഐ. മാർത്തോമാ, ലൂഥറൻ, മെതഡിസറ്റ്, ആഗ്ലേയൻ, പെന്തകോസ്ത് സഭകളുടെ ചീഞ്ഞളിഞ്ഞ സാമ്പത്തിക ക്രമക്കേടുകളുടെ വലിയ ഭാണ്ഡക്കെട്ടുകൾ പ്രധാനമന്ത്രിയുടെ മേശപ്പുറത്തുണ്ട്!! **സുനാമി ഫണ്ട്** ക്രമക്കേടുകൾ നടത്തിയ വീരന്മാർ ജയിലിൽ! ഫണ്ട് തിരിമറി നടത്തിയ രണ്ടു ബിഷപ്പുമാർ അഴിക്കുള്ളിൽ!! ദൈവത്തിന്റെ കണ്ണുകൾ ഇതെല്ലാം എത്തിക്കേണ്ട സ്ഥലത്ത് എത്തിച്ചുകൊണ്ടിരിക്കുന്നു. കാവിതീവ്രവാദികളുടെ കയ്യിൽ ഇന്ത്യയിലെ ഓരോ സഭകളുടെ കണക്കും, വിദേശ പണ വ്യവഹാരങ്ങളും സ്വരൂപിച്ചിട്ടുണ്ട്! വലിയ ബലഹീനതകൾ കയ്യിൽപ്പേറിക്കൊണ്ടാണ് സഭകളുടെ നില്പ്. ഇത്രയേറെ ദുഷിച്ച സഭകളെ സംരക്ഷിക്കാൻ പ്രധാനമന്ത്രി ഇറങ്ങി പുറപ്പെടണമോ? നാം ആരാധിക്കുന്ന ദൈവം നമുക്കു മറുപടി തരുമോ? സഹായിക്കുമോ?

> യെഹസ്കേൽ 18:22–എന്നാൽ ദുഷ്ടൻ താൻ ചെയ്തസകല പാപങ്ങളെയും വിട്ടു തിരിഞ്ഞ് എന്റെ ചട്ടങ്ങളെയൊക്കെയും പ്രമാണി ച്ച്, നീതിയും ന്യായവും പ്രവർത്തിക്കുന്നു എങ്കിൽ, അവൻ മരിക്കാതെ ജീവിച്ചിരിക്കും. അവൻ ചെയ്ത അതിക്രമങ്ങളിൽ ഒന്നിനെയും അവനു കണക്കിടുകയില്ല; അവൻ ചെയ്ത നീതിയാൽ അവൻ ജീവിക്കും.
>
> 2 ദിന 7:14 എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനംതങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചുതങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യംവരുത്തിക്കൊടുക്കും.

**ഡോ.പുഷ്പരാജ്**

# ബൈബിൾ പഠനം - ധ്യാനം

**ശ്രദ്ധയ്ക്ക് : ജാമക്കാരൻ വായിക്കുവാൻ പോകുന്ന ഈ ലക്കം ബൈബിൾ പഠിക്കുന്നതെങ്ങനെ എന്ന വിഷയമാകുന്നു കൈകാര്യം ചെയ്യുന്നത്. ബൈബിൾ പഠനം എല്ലാവരും ഇഷ്ടപ്പെടുന്ന ഒന്ന്ല. പ്രസംഗം കേൾക്കലാണ് ഭൂരിപക്ഷത്തിന്റെ ഇഷ്ടം. വീണ്ടും ജനിച്ച യഥാർത്ഥ ക്രിസ്ത്യാനിയുടെ അടിസ്ഥാനം ദൈവവചന പഠനമാണ്. ബൈബിളിനെക്കുറിച്ചോ, വായിക്കുന്നതെങ്ങനെയെന്നോ, പ്രയോഗമെങ്ങനെയെന്നോ അറിയാതെ പോയാൽ ആത്മീയ ജീവിതം തന്നെ ഒന്ന് ഇല്ല എന്നർത്ഥം. ഈ ലക്കത്തിലെ വിഷയമായ ബൈബിൾ പഠനം എന്നത് വീണ്ടും ജനന അനുഭവമില്ലാത്തവർക്ക്ക മടുപ്പ് (Bore) ഉളവാക്കും. ദൈവമക്കൾക്കോ ബൈബിൾ പഠനം സന്തോഷം, സമാധാനം, ആത്മീയ അഭിവൃദ്ധി എന്നിവ നല്കും. പരിശുദ്ധാത്മാവ് ഈ വിഷയത്തിൽ നിങ്ങളെ സഹായിക്കട്ടെ.**

വീണ്ടും ജനിച്ച ഒരു ദൈവപൈതലിന്റെ രണ്ടു കാലുകൾക്കു സമാനമാണ് പ്രാർത്ഥനയും, ദൈവവചനധ്യാനവും. ഇതിൽ ഏതെങ്കിലുമൊന്ന് കുറയുകയോ, അല്പം ന്യൂനത ഉണ്ടെങ്കിലുമോ നടത്തത്തിൽ പ്രതിഫലിക്കും. ഈ അവസ്ഥയെ അംഗവിഹീനത എന്ന് പറയുന്നു.

ആത്മീയ ജീവിതത്തിലും ഇരിപ്പും, നില്പും, നടത്തവും, ഓട്ടവും ഉണ്ട് (സങ്കീ 1:1,2 ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും, പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, അവന്റെ ന്യായപ്രമാണത്തെ രാപ്പകൾ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ). എല്ലാ പ്രവൃത്തികൾക്കും ഊർജ്ജവും പ്രസരിപ്പും നല്കുന്നത് പ്രാർത്ഥനയും ദൈവവചന ധ്യാനവുമത്രേ! ഇതിൽ ഒന്നിൽ കുറവുവരുമ്പോൾ അവിടെ ന്യൂനതയും, വിഹീനതയും പ്രത്യക്ഷമാകുന്നു.

നമ്മിൽ പലരും പ്രാർത്ഥിക്കുന്നവരാണ്. തെറ്റാതെ ചെയ്യുന്നവരുമാണ്. പക്ഷേ ദൈവവചന ധ്യാനത്തിന്റെ കാര്യം വരുമ്പോൾ വല്ലായ്മയാണ്, ക്ഷീണമാണ്, മടിയാണ്, അലസതയാണ്. ഇത് നമ്മെ ആത്മീയരോഗികളും, കിടരോഗികളും ആക്കിത്തീർക്കും. നമുക്കു ഒരു തീരുമാനം എടുക്കാമോ? എന്റെ നടത്തം ശരിയാകാൻ, പ്രവൃത്തികൾ നേരെ ചൊവ്വേ ചെയ്യാൻ, ഫലം കൊയ്യാൻ, നന്മകൾ പ്രാപിക്കാൻ, തലമുറകൾ അനുഗ്രഹം പ്രാപിക്കാൻ, നിത്യതയിൽ ലജ്ജിതനാകാതിരിക്കാൻ ദൈവവചനം ധ്യാനിക്കും ചെയ്യും. എന്റെ മക്കൾക്കു ചൊല്ലിക്കൊടുക്കുകയും അവരെ ഇതിനായി പരിശീലിപ്പിക്കുക (ആവ 6:4-10 യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമന

സ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം. ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുമ്പോഴും വേണം. അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം; അവ നിന്റെ കണ്ണുകൾക്കു മധ്യേ പട്ടമായി ഇരിക്കണം. അവയെ നിന്റെ വീട്ടിൽ കട്ടിളകളിന്മേലും പടിവാതിലുകളിലും എഴുതേണം. നിന്റെ ദൈവമായ യഹോവ നിനക്കു തരുമെന്ന് അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്ന നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശത്തേക്കു നിന്നെ കൊണ്ടുചെന്നു നീ പണിയാത്ത വലതും നല്ലതുമായ .......). നിങ്ങളെ അനുഗ്രഹിക്കുന്നതാണ് ദൈവവേഷ്ടം. അതിന് നിങ്ങൾ തന്നെ തടസ്സമാകാതെ, അനുഗ്രഹത്തിന്റെ ചാലുകളായ ദൈവവചനത്തിന്റെ തോട്, ഉറവ (സങ്കീ 1:3 അവൻ ആറ്ററികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായിക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും) എന്നിവ നിങ്ങളുടെ ഹൃദയങ്ങളിലും ഭവനങ്ങളിലും ഉണ്ടാകട്ടെ.

## ദൈവവചനം എന്നാൽ എന്ത്?

ദൈവവചനം ധ്യാനിക്കേണ്ടത് എങ്ങനെ? അതിന് കൈക്കൊള്ളേണ്ട കാര്യങ്ങൾ എന്തൊക്കെ?

ഇമ്മാതിരിയുള്ള നിങ്ങളുടെ ചോദ്യങ്ങൾക്കുത്തരമാണ് ഈ ലക്കം. ദൈവം അനുവദിച്ചാൽ വരും നാളുകളിൽ ബൈബിളിന്റെ ചരിത്രം, സാംസ്ക്കാരിക പശ്ചാത്തലം എന്നിവ പ്രസിദ്ധീകരിക്കാം. അവ നിങ്ങൾക്കു ബൈബിളിന്റെ ആഴം, അകലം, ഉയരം എന്നിവ മനസ്സിലാക്കാൻ ഉപകരിക്കും. പ്രാർത്ഥനയോടെ വായിക്കുക. ദൈവത്തെയും, ബൈബിളിനെയും സ്നേഹിക്കുന്ന നിങ്ങളുടെ വേണ്ടപ്പെട്ടവർക്ക് വായിക്കുവാൻ നല്കുക. സൂക്ഷിച്ച്വയ്ക്കുക. ആവശ്യപ്പെട്ടാൽ കോപ്പികൾ അയച്ചുതരാം. കമ്പ്യൂട്ടർ സൗകര്യമുള്ളവർ PDF ൽ നിന്ന് പ്രിന്റ് എടുത്ത് വിതരണം ചെയ്യുക. തുടർന്ന് ലേഖനം വായിച്ചാലും.

**ബൈബിൾ**

ക്രിസ്തുസഭ വിശ്വാസത്തിന്റെ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ള ദൈവശ്വാസീയമായ തിരുവെഴുത്തുകൾക്കു നല്കിയിട്ടുള്ള പേരാണു ബൈബിൾ. പഴയനിയമവും പുതിയനിയമവും അതുൾക്കൊള്ളുന്നു. പുസ്തകങ്ങൾ എന്ന അർത്ഥത്തിൽ ഗ്രീക്കു ഭാഷയിൽ ഉപയോഗിക്കുന്ന പദമാണു ബിബ്ളിയ. പഴയനിമയപ്രവചനങ്ങളെക്കുറിക്കുവാൻ പ്രസ്തുതപദം ദാനിയേൽ പ്രവചനത്തിൽ പ്രയോഗിച്ചിട്ടുണ്ട്. “ഒരു കാലസംഖ്യ പുസ്തകങ്ങളിൽ നിന്നു (ബാസ്സ്ഫൊറീം) ഗ്രഹിച്ചു:” (ദാനി 9:2 അവന്റെ വാഴ്ചയുടെ ഒന്നാം

ആണ്ടിൽ തന്നെ, ദാനിയേൽ എന്ന ഞാൻ: യെരുശലേമിന്റെ ശൂന്യാവസ്ഥ എഴുപതി സംവത്സരംകൊണ്ടു തീരും എന്നിങ്ങനെ യഹോവയുടെ അരുളപ്പാട് യിരെമ്യാപ്രവാച കനുണ്ടായ പ്രകാരം ഒരു കാലസംഖ്യ പുസ്തകങ്ങളിൽ നിന്നു ഗ്രഹിച്ചു) ഗ്രീക്കു സപ്ത തിയിൽ (സെപ്റ്റ്വജിന്റ്) പുസ്തകങ്ങൾ എന്ന സ്ഥാനത്തു റ്റാബിബ്ലിയ എന്നാണു ഭാഷാ ന്തരം ചെയ്തിട്ടുള്ളത്. റ്റാബിബ്ലിയ എന്ന പ്രയോഗം ബൈബിളിനെ മുഴുൻ കുറിക്കത്തെ ക്കവണ്ണം ആദ്യം പ്രയോഗിച്ചിട്ടുള്ളത് (എ.ഡി.150–നടുപ്പിച്ചു) 2 ക്ലെമന്റ് 14:2–ലാണ്. എ. ഡി.അഞ്ചാം നൂറ്റാണ്ടോടുകൂടിയാണ് തിരുവെഴുത്തുകളെ മുഴുവൻ സൂചിപ്പിക്കുവാൻ ബൈബിൾ എന്ന പദം പരക്കെ പ്രയോഗിച്ചു തുടങ്ങിയത്. വിശുദ്ധ ജെറോം (എ.ഡി.400) ബൈബിളിനെ ബിബ്ലിയോതെക്കാദിവീനാ (ദൈവികഗ്രന്ഥാലയം) എന്നു വിളിച്ചു. എ. ഡി.പതിമൂന്നാം നൂറ്റാണ്ടോടുകൂടി പുസ്തകങ്ങൾ (ബിബ്ലിയ) എന്ന ബഹുവചനം പുസ്തകം എന്നു ഏകവചനത്തിൽ പ്രയോഗിക്കപ്പെട്ടു തുടങ്ങി. അറുപത്താറു പുസ്ത കങ്ങൾ അടങ്ങുന്ന ബൈബിളിന്റെ ഐക്യത്തെ വെളിപ്പെടുത്തുകയാണു അത്.

**പേരുകൾ :** തിരുവെഴുത്തുകളെക്കുറിക്കുന്ന പേരുകൾ ബൈബിളിൽ തന്നെ കൊടു ത്തിട്ടുണ്ട്.

**തിരുവെഴുത്തുകൾ :**

1) ബൈബിളിനു സമാനമായ പ്രയോഗമാണ് എഴുത്തുകൾ അഥവാ തിരുവെഴുത്തുകൾ (ഹായ്ഗ്രാഫായ്, റ്റാഗ്രമ്മറ്റാ). പുതിയനിയമത്തിലെ ഈ പ്രയോഗം പഴയനിയമരേഖ കളെ പൂർണ്ണമായോ ഭാഗികമായോ വിവക്ഷിക്കുന്നു. (മത്തായി 21:42 യേശു അവ രോട്: “വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു; ഇതു കർത്താവിനാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു എന്നു നിങ്ങൾ തിരുവെഴുത്തുകലിൽ ഒരിക്കലും വായിച്ചിട്ടില്ലയോ?) എന്നു ചോദിച്ചു. ഇതിനു സമാന്തരമായ (മർക്കൊ 12:11) ൽ ഉദ്ധൃതഭാഗത്തെ മാത്രം പരാമർശിച്ചു കൊണ്ടു ഏകവചനം പ്രയോഗിച്ചിട്ടുള്ളത് ശ്രദ്ധാർഹമാണ്. “എന്ന തിരുവെഴുത്തു (റ്റീൻ ഗ്രാഫീൻ ടൗട്ടീൻ) നിങ്ങൾ വായിച്ചിട്ടല്ലയോ? 1 തിമൊ 3:14– ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്ന് ആശിക്കുന്നു എന്ന തിരുവെത്തുകൾ (റ്റാ ഹയെറാ ഗ്രമറ്റാ – വിശുദ്ധ ലിഖിതങ്ങൾ) എന്നും 1 തിമൊ 3:16–ൽ എല്ലാ തിരുവെഴുത്തും ദൈവശ്വാ സീയം (പാസാ ഗ്രാഫീതെയൊപ്ന്യൂസ്റ്റൊസ്) എന്നും ഉണ്ട്. 2 പത്രോ 3:16–ൽ പൗലൊ സിന്റെ സകല ലേഖനങ്ങളെയും ശേഷം തിരുവെഴുത്തുകളോടൊപ്പം ചേർത്തിരിക്കു ന്നു. ഇവിടെ ‘ശേഷം തിരുവെഴുത്തു’ കളിൽ പഴയനിയമ എഴുത്തുകളും സുവിശേഷ ങ്ങളും ഉൾപ്പെടുന്നു.
2) സത്യംഗ്രന്ഥം (ദാനീ 10:21 – ഞാൻ സത്യഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് ഞാൻ നിന്നെ അറിയിക്കാം: നിങ്ങളുടെ പ്രഭുവായ മീഖായേൽ അല്ലാതെ ഈ കാര്യങ്ങളിൽ എന്നോടുകൂടെ ഉറച്ചുനില്ക്കുന്നവൻ ആരും ഇല്ല).

3) യഹോവയുടെ പുസ്തകം (യെശ 34:16 യഹോവയുടെ പുസ്തകങ്ങളിൽ അമ്പേഷിച്ചു വായിച്ചു നോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കയില്ല; ഒന്നിനും ഇണ ഇല്ലാതിരിക്കയുമില്ല; അവന്റെ വായല്ലോ കല്പിച്ചത്; അവന്റെ ആത്മാവത്രേ അവയെ കൂട്ടിവരുത്തിയത്).
4) ദൈവവചനം (എഫെ 6:17 രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ).
5) ദൈവത്തിന്റെ അരുളപ്പാടുകൾ (റോമർ 3:2 സകലവിധത്തിലും വളരെ ഉണ്ട്. ഒന്നാമത് ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരുന്നതുതന്നെ).
6) പുസ്തകങ്ങൾ (ദാനിയേൽ 9:2 അവന്റെ വാഴ്ചയുടെ ആണ്ടിൽതന്നെ, ദാനീയേൽ എന്ന ഞാൻ: യെരുശലേമിന്റെ ശൂന്യാവസ്ഥ എഴുപതു സംവത്സരം തീരും എന്നിങ്ങനെ യഹോവയുടെ അരുളപ്പാട് യിരെമ്യാപ്രവാചകനുണ്ടായ പ്രകാരം ഒരു കാലസംഖ്യ പുസ്തകങ്ങളിൽ നിന്നു ഗ്രഹിച്ചു)
7) പുസ്തകച്ചുരുൾ (സങ്കീ 40:7 അപ്പോൾ ഞാൻ പറഞ്ഞു; ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു.) എന്നിവ.

പ്രാചീനകാലത്ത് മൃഗങ്ങളുടെ തോൽ സംസ്ക്കരിച്ചെടുത്താണ് എഴുതാൻ ഉപയോഗിച്ചിരുന്നത്. അവ ചുരുളുകളായി സൂക്ഷിച്ചിരുന്നു.

**കാലവും എഴുത്തുകാരും :** ബി.സി.1492–നും എ.ഡി.100–നും മദ്ധ്യേയുള്ള 1600 വർഷങ്ങളുടെ നീണ്ട കാലയളവിനുള്ളിലാണ് ബൈബിളിലെ പുസ്തകങ്ങളെല്ലാം എഴുതപ്പെട്ടത്. പഴയനിയമം ആയിരം വർഷംകൊണ്ടാണ് പൂർത്തിയായതെങ്കിൽ പുതിയനിയമം വെറും അമ്പതുവർഷം കൊണ്ട് പൂർത്തിയായി. പുതിയനിയമഗ്രന്ഥങ്ങളിൽ ആദ്യം എഴുതപ്പെട്ടവ വിശുദ്ധപൗലൊസിന്റെ ലേഖനങ്ങളാണ്. അവയുടെ രചനാകാലം എ.
ഡി.48–66 ആണ്. നാലു സുവിശേഷങ്ങളും എ.ഡി.56 നും 100 നും മദ്ധ്യേ രചിക്കപ്പെട്ടു.

**തിരുവെഴുത്തും പരിശുദ്ധാത്മാവും**

ദൈവകല്പനയാൽ നാല്പതോളം പേർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചു രേഖപ്പെടുത്തിയതത്രേ തിരുവെഴുത്തുകൾ. എഴുത്തുകാർ വിഭിന്നരും വ്യത്യസ്ത ചുറ്റുപാടുകളിൽ വിവിധ നിലകളിൽ കഴിഞ്ഞവരുമായിരുന്നു. ദാവീദും ശലോമോനും രാജാക്കന്മാരായിരുന്നു. ദാനീയേലും നെഹെമ്യാവും ഭരണതന്ത്രജ്ഞന്മാരായിരുന്നു. എസ്രായെപ്പോലുള്ള പുരോഹിതന്മാർ എഴുത്തുകാരുടെ പട്ടികയിലുണ്ട്. മിസ്രയീമിലെ സകലജ്ഞാനവും അഭ്യസിച്ചവനാണ് മോശെ. ന്യായപ്രമാണത്തിൽ അവഗാഹം നേടിയ വ്യക്തിയാണ് പതിമൂന്നു ലേഖനങ്ങളുടെ കർത്താവായ പൗലൊസപ്പൊസ്തലൻ. ആദ്യമായി പ്രവചനം എഴുതി സൂക്ഷിച്ച പ്രവാചകനായ ആമോസ് ആട്ടിടയനായിരുന്നു മത്തായി ചുങ്കക്കാരനും, പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നിവർ അനഭ്യസ്തരായ മീൻപി

ടിത്തക്കാരും ആണ്. വൈദ്യനായ ലൂക്കോസാണ് പ്രസ്തുത നാമത്തിലുള്ള സുവിശേഷത്തിന്റെയും അപ്പൊസ്തലപ്രവൃത്തികളുടെയും കർത്താവ്. യോശുവ വീരനും വിശ്വസ്തനുമായ സർവ്വസൈന്യാധിപനായിരുന്നു. ശമുവേൽ പ്രവാചകനും പുരോഹിതനുമായിരുന്നു. യെശയ്യാവ്, യിരെമ്യാവ്, യെഹെസ്കേൽ തുടങ്ങിയവർ ധീരന്മാരായ പ്രവാചകന്മാരത്രേ. കൊട്ടാരം മുതൽ കുടിൽ വരെ വ്യത്യസ്ത തലങ്ങളിലും നിലകളിലും ഉള്ളവർ വിശുദ്ധഗ്രന്ഥത്തിന്റെ എഴുത്തുകാരുടെ പട്ടികയിലുണ്ട്. അവർ എല്ലാവരിലും വ്യാപരിച്ചിരുന്നത് ദൈവത്തിന്റെ ആത്മാവും അവർ രേഖപ്പെടുത്തിയത് ദൈവത്തിന്റെ അരുളപ്പാടുമായിരുന്നു. പുതിയനിയമ എഴുത്തുകാരിൽ മത്തായി, യോഹന്നാൻ, പത്രൊസ്, പൗലൊസ് എന്നിവർ അപ്പോസ്തലന്മാരായിരുന്നു. മർക്കൊസും ലൂക്കൊസും അപ്പോസ്തലന്മാരുടെ കൂട്ടാളികളും. യാക്കോബും യൂദയും യേശുവിന്റെ സഹോദരന്മാരത്രേ. സീനായി മരുഭൂമിയും അറേബ്യയിലെ കുന്നുകളും പലസ്തീനിലെ മലകളും പട്ടണങ്ങളും ദൈവാലയത്തിന്റെ പ്രാകാരവും പേർഷ്യയുടെ തലസ്ഥാനങ്ങളായ ശൂശനും, ബാബിലോണിലെ കേബാർ നദീതടവും റോമിലെ കൽത്തുറുങ്കുകളും ഏകാന്തമായ പത്മൊസ് ദ്വീപും ഒക്കെയായിരുന്നു തിരുവെഴുത്തുകളുടെ ഈറ്റില്ലം.

**മൂലഭാഷകൾ :** പഴയനിയമം എബ്രായയിലും പുതിയനിയമം മുഴുവൻ ഗ്രീക്കിലുമാണ് എഴുതപ്പെട്ടത്. ന്യായപ്രമാണ പുസ്തകങ്ങളിൽ ഒരു സ്ഥലനാമവും (ഉല്പത്തി 31:47 ലാബാൻ അതിന് യെഗർ – സാഹദൂഥാ സാക്ഷ്യത്തിന്റെ കൂമ്പാരം എന്നു പേരിട്ടു; യാക്കോബ് അതിനു ഗലേദ് സാക്ഷ്യത്തിന്റെ കൂമ്പാരം എന്നു പേരിട്ടു). പ്രവാചക പുസ്തങ്ങളിൽ ഒരു വാക്യവും (യിരെ 10:11 ആകാശത്തെയും ഭൂമിയെയും നിർമ്മിക്കാത്ത ദേവന്മാരോ ഭൂമിയിൽനിന്നും ആകാശത്തിൽ കീഴിൽനിന്നും നശിച്ചുപോകും എന്നിങ്ങനെ അവരോടു പറവിൻ). എഴുത്തുകളിൽ (കെത്തുവീം) രണ്ടു പ്രധാനഭാഗങ്ങളും അരാമ്യഭാഷയിലാണ്. യേശു ക്രിസ്തുവും അപ്പൊസ്തലന്മാരും സംസാരിച്ചത് അരാമ്യഭാഷയായിരുന്നു. അമ്പതോളം അരാമ്യപദങ്ങൾ ഗ്രീക്കിന്റെ രൂപത്തിൽ പുതിയനിയമത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. തലീഥാ കൂമി (മർക്കൊസ് 5:41 ബാലേ, എഴുന്നേല്ക്ക എന്നു നിന്നോടു കല്പിക്കുന്നു എന്ന അർത്ഥത്തോടെ തലീഥാ കൂമി എന്ന് അവളോടു പറഞ്ഞു), എഫഥാ (മർക്കൊസ് 7:34 സ്വർഗ്ഗത്തേക്കു നോക്കി നെടുവീർപ്പിട്ട് അവനോട്: തുറന്നുവരിക എന്ന് അർത്ഥമുള്ള എഫഥാ എന്നു പറഞ്ഞു. എലോഹീ എലോഹീ ലമ്മാ ശബക്താനീ (മർക്കൊ 15:34 ഒമ്പതാം മണിനേരത്ത് യേശു: എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത് എന്ന് അർത്ഥമുള്ള എലോഹി, എലോഹി, ലമ്മാ ശബ്ബക്താനി എന്ന് അത്യുച്ചത്തിൽ നിലവിളിച്ചു) എന്നീ വാക്യശകലങ്ങൾ ക്രിസ്തുവിന്റെ അധരങ്ങളിൽ നിന്നടർന്നു വീണവയാണ്. പുതിയനിയമം എഴുതപ്പെട്ടത് ഗ്രീക്കിലാണ്. ഒന്തർദേശീയ ഭാഷ എന്ന ബഹുമതി ഗ്രീക്കു നേടിയിരുന്നു. പഴയനി

യമം പ്രധാനമായും ഒരു ജാതിക്കു വേണ്ടിയുള്ള വെളിപ്പാടാകയാൽ അതു അവരുടെ ഭാഷയായ എബ്രായയിൽ എഴുതപ്പെട്ടു. എന്നാൽ ക്രിസ്തുവിലൂടെയുള്ള പൂർണ്ണമായ വെളിപ്പാട് സകലജാതികൾക്കും (ലൂക്കൊ 2:31 യിസ്രായേലിന്റെ മഹത്ത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടു വല്ലോ" എന്നു പറഞ്ഞു) വേണ്ടിയുള്ളതാകയാലും അവന്റെ നാമത്തിൽ മാനസാന്ത രവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കുകയും വേണ്ടതാകയാലും (ലൂക്കൊ 24:47 അവന്റെ നാമത്തിൽ മാനസാന്തരവും പാപമോച നവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കുകയും വേണം എന്നി ങ്ങനെ എഴുതിയിരിക്കുന്നു). ക്രിസ്തുവിന്റെ രക്തത്തിലൂടെ സ്ഥാപിക്കപ്പെട്ട പുതിയനി യമം അന്നത്തെ അന്തർദേശീയ ഭാഷയായ ഗ്രീക്കിലെഴുതി. പുതിയനിയമ ഗ്രീക്ക് കൊയ്നീ (നാടോടിഭാഷ)യാണ്. മറ്റുഭാഷകളുടെ സ്വാധീനവും ബൈബിളിൽ ദൃശ്യമാ ണ്. സാപ്നത്ത് പനേഹ്, അബ്രേക് എന്നിവ ഈജിപ്ഷ്യൻ ഭാഷാപദങ്ങളാണ്. ബേല്ത്ത് –ശസ്സർ, തർത്ഥാൻ, രാബ്സാരീസ്, റാബ്ശാക്കേ (ദാനി 1:7 ഷണ്ഡാധിപൻ അവർക്കു പേരിട്ടു; ദാനിയേലിന് അവൻ ബേൽത്തശസ്സർ എന്നും ഹനന്യാവിന് ശദ്രക് എന്നും മീശായേലിനു മേശക് എന്നും അസര്യാവിന് അബേദ്–നെഗോ എന്നും പേരുവിളിച്ചു) 2 രാജാ 18:17 എങ്കിലും അശ്ശൂർരാജാവ് തർത്ഥാനെയും റബ്–സാരീസിനെയും റബ്–ശാക്കേയെയും ലാഖീശിൽ നിന്നു ഹിസ്ക്കിയാ രാജാവിന്റെ അടുക്കൽ ഒരു വലിയ സൈന്യവുമായി യെരുശലേമിന്റെ നേരേ അയച്ചു; അവർ പുറപ്പെട്ട് യെരുശേലിൽ വന്നു. അവിടെ എത്തിയപ്പോൾ അവർ അലക്കുകാരന്റെ വയലിലെ കല്പത്തിക്കരികെ ചെന്നു നിന്നു) എന്നിവ ബാബിലോന്യ അസ്സീറിയൻ പദങ്ങളാണ്. ബൈബിളിലെ സ്ഥലനാമ ങ്ങൾ പലഭാഷകളിൽ നിന്നുള്ളവയാണ്. അനേകം സ്ഥലനാമങ്ങളുടെ നിഷ്പത്തി ഇന്നും അജ്ഞാതമാണ്.

**പഴയനിയമവും പുതിയനിയമവും :** എ.ഡി.രണ്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽ പഴയനിയമം പുതിയനിയമം എന്നീ പ്രയോഗങ്ങൾ നിലവിൽ വന്നു. എബ്രായ ക്രൈസ്ത വതിരുവെഴുത്തുകളെ വ്യവഛേദിക്കുവാനായിരുന്നു പ്രസ്തുത നാമങ്ങൾ നല്കിയത്. പുതിയനിയമം എന്ന പേര് ആദ്യം പ്രയോഗിച്ചത് തെർത്തുല്യനാണ്. എബ്രായ തിരു വെഴുത്തുകളെ പഴയനിയമം എന്നു വിളിച്ചു. നിയമം ഉടമ്പടിയെ സൂചിപ്പിക്കുന്നു. മോശ യുടെ ന്യായപ്രമാണത്തിന്റെയും ഉടമ്പടികളുടെ പുസ്തകത്തിന്റെയും (നിയമപുസ്തകം 2 രാജാ 23:2 രാജാവും സകല യെഹൂദാപുരുഷന്മാരും യെരുശലേമിലെ സകല നിവാ സികളും പുരോഹിതന്മാരും പ്രവാചകന്മാരും ആബാലവൃദ്ധം ജനമൊക്കെയും യഹോ വയുടെ ആലയത്തിലേക്കു ചെന്നു; യഹോവയുടെ ആലയത്തിൽവച്ചു കണ്ടുകിട്ടിയ നിയ മപുസ്തകത്തിലെ വാക്യങ്ങളെയെല്ലാം അവർ കേൾക്കെ അവൻ വായിച്ചു) തുടർച്ച

യാണീ നാമം. ഉടമ്പടി അഥവാ നിയമം മോശെ സീനായിയിൽ ചെയ്ത ഉടമ്പടിയെ കാണുക്കുന്നു.

എന്നാൽ യിസ്രായേൽ ജനം ഒരു പുതിയനിയമം പ്രതീക്ഷിക്കുകയായിരുന്നു. (യിരെ 31:33,34 എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്ന് ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാട്). ഇതു അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം എന്നു ക്രിസ്തു പുതിയനിയമം സ്ഥാപിച്ചു. (മത്തായി 26:28 ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം).

പഴയനിയമം വാഗ്ദത്തവും പുതിയനിയമം നിറവേറൽ അഥവാ പൂർത്തീകരണവുമാണ്. ദൈവം പണ്ടു ഭാഗംഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തതാണു പുതിയനിയമത്തിൽ : (എബ്രാ 8:1 നാം ഈ പറയുന്നതിന്റെ സാരം എന്തെന്നാൽ; സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവനായി) ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടരുളിച്ചെയ്തതാണ് പുതിയനിയമത്തിൽ. പഴയനിയമ പ്രവചനങ്ങളെല്ലാം നിറവേറുന്നതു ക്രിസ്തുവിലാണ്. ക്രിസ്തുവിന്റെ ജഡധാരണകാലയളവിൽ അവനെ കാണുകയും കേൾക്കുകയും ചെയ്തവരുടെ സാക്ഷ്യമാണ് പുതിയനിയമം.

രചനാകാലത്തു ബൈബിളിൽ അദ്ധ്യായം, വാക്യ വിഭജനം ചെയ്തിരുന്നില്ല. തല്മൂദുകളുടെ കാലത്തിനു മുമ്പു യെഹൂദന്മാർ പഴയനിയമത്തെ സൗകര്യാർത്ഥം ഭാഗങ്ങളായി തിരിച്ചു. ഈ ഭാഗങ്ങൾ നമ്മുടെ ബൈബിളിലെ അദ്ധ്യായങ്ങൾക്കും വാക്യങ്ങൾക്കും സമാനമായിരുന്നു. ഇന്നു നാം ഉപയോഗിക്കുന്ന അദ്ധ്യായ വിഭജനം സ്റ്റീഫൻ ലാങ്ടന്റേതാണെന്നു പറയപ്പെടുന്നു. കാന്റർബറിയിലെ ആർച്ചുബിഷപ്പായിരുന്ന അദ്ദേഹം 1228–ൽ മരിച്ചു. റോബർട്ടു സ്റ്റീഫൻസ് 1551–ൽ പ്രസിദ്ധപ്പെടുത്തിയ ഗ്രീക്കു പുതിയനിയമത്തിലാണ് ഇന്നു പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്യവിഭജനം ആദ്യം പ്രത്യക്ഷപ്പെട്ടത്. 1555–ൽ അദ്ദേഹം അദ്ധ്യായവാക്യവിഭജനത്തോടുകൂടിയ പൂർണ്ണബൈബിളും (ലത്തീൻ വുൾഗാത്ത) പ്രസിദ്ധപ്പെടുത്തി. വാക്യവിഭജനത്തോടുകൂടി പൂർണ്ണമായി പ്രസിദ്ധീകൃതമായ ആദ്യത്തെ ഇംഗ്ലീഷ് ബൈബിൾ ജനീവാ ബൈബിൾ (1560) ആണ്.

## ബൈബിൾ ധ്യാനം:

**A. വായന** : "നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ" (സങ്കീ 119:18) എന്നുള്ള സങ്കീർത്തനക്കാരന്റെ പ്രാർത്ഥനാ മനോഭാവത്തോടുകൂടി ആവർത്തിച്ചാവർത്തിച്ചു ബൈബിൾ ഭാഗം മുഴുവനും വായിക്കണം. ഹൃദയദൃഷ്ടി പ്രകാശിപ്പിക്കപ്പെടുവാൻ ഇത് അനിവാര്യമാകുന്നു (എഫെ 1:17,18 നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്ത്വവുമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിനും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട് അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭതത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ.....). വായനയിൽകൂടി ബൈബിൾ എഴുത്തുകാരന്റെ ഹൃദയസ്പന്ദനവും ദൈവത്തിന്റെ ഉദ്ദേശ്യവും മനസ്സിലാക്കുവാൻ സഹായകമാകും എന്നുള്ളതാണ് കാരണം.

**B. സന്ദർഭം നിശ്ചയിക്കുക :**

1) **പുസ്തക പിശ്ചത്തലം** : ഗ്രന്ഥകാരനും വായനക്കാരും അഭിമുഖീകരിക്കുന്ന ചരിത്ര സാഹചര്യങ്ങൾ, പുസ്തകം എഴുതിയതിന്റെ ഉദ്ദേശ്യം എന്നിവയിൽ നിന്ന് ഇതു മനസ്സിലാക്കാവുന്നതാണ്.
2) **പദത്തിന്റെയു വാചകത്തിന്റെയും സന്ദർഭം :** പദങ്ങൾ, വാചകങ്ങൾ, ഘടകവാക്യങ്ങൾ എന്നിവയ്ക്ക് അനേക അർത്ഥങ്ങൾ ഉള്ളതിനാൽ അവ ഒരു സന്ദർഭത്തിൽ എങ്ങനെ ഉപയോഗിച്ചിരിക്കുന്നു എന്നു നോക്കി അർത്ഥം നിശ്ചയിക്കാവുന്നതാണ്. സന്ദർഭം അർത്ഥത്തിനു സൂചന നൽകുമെന്നു സാരം. തൊട്ടടുത്ത സന്ദർഭം, ഖണ്ഡിക അല്ലെങ്കിൽ അദ്ധ്യായത്തിന്റെ സന്ദർഭം, പുസ്തകത്തിന്റെ സന്ദർഭം, സമാന്തരഭാഗങ്ങളുടെ, ബൈബിളിന്റെ മുഴുവൻ സന്ദർഭം എന്നിവ പരിശോധിച്ച് ഇവ നിർണ്ണയിക്കാവുന്നത് ആകുന്നു.
3) **സാംസ്കാരിക പശ്ചാത്തലം :** ചരിത്രപശ്ചാത്തലം വായനക്കാരെ ബൈബിൾ എഴുതപ്പെട്ട ചരിത്ര സാഹചര്യങ്ങളിലേക്കു കൂട്ടിക്കൊണ്ടു പോകുമ്പോൾ, അന്നത്തെ ജനങ്ങളുടെ സംസ്കാരത്തെക്കുറിച്ചു മനസ്സിലാക്കുന്നത് തിരുവചനത്തെ കുറെക്കൂടി വ്യക്തമായി മനസ്സിലാക്കുവാൻ സഹായിക്കുന്നു. സ്വന്ത സംസ്കാരത്തിൽ നിന്നു മാറി നിന്ന് ബൈബിൾ കഥാപാത്രങ്ങളെ കാണുവാൻ കഴിയുന്നതാണ് ഇതിനു കാരണം. അന്നത്തെ ജനത്തിന്റെ രാഷ്ട്രീയം, മതങ്ങൾ, സമ്പാദ്യം, നിയമം, കാർഷികം, ശിൽപവിദ്യ, വസ്ത്രധാരണം, കുടുംബസംബന്ധം, ഭൂമിശാസ്ത്രം, പഥ്യാഹാരം, സാഹിത്യം, സൈന്യം, സമൂഹം മുതലായ സാംസ്കാരിക സാഹചര്യങ്ങൾ അറിഞ്ഞിരിക്കുന്നത് ധ്യാനത്തിനു ഗുണം ചെയ്യും.

**C.വ്യാകരണം വിശകലനം ചെയ്യുക :**

ബൈബിളിലെ ഓരോ പദങ്ങളും ദൈവനിശ്വാസീയം ആയതിനാലും, ചിന്തകൾ പദങ്ങളിൽക്കൂടി പ്രകടിപ്പിക്കുന്നതിലും വാകൃങ്ങൾ വാക്കുകൾകൊണ്ട് നിർമ്മിച്ചിരിക്കുകയാലും അടിസ്ഥാന വ്യാകരണ വിശകലനം അനിവാര്യമാണ്.

പദങ്ങളുടെ അർത്ഥം നിർണ്ണയിക്കുവാൻ അവയുടെ ശബ്ദോൽപ്പത്തി പ്രയോഗം, പര്യായം, വിപരീതം, സന്ദർഭം എന്നി ഘടകങ്ങളെ മനസ്സിലാക്കേണ്ടതാണ്. ഇതിനായി കമന്ററികൾ, പദങ്ങളുടെ പഠനത്തെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങൾ, ശബ്ദസൂചികകൾ ബൈബിൾ നിഘണ്ടുകൾ തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്.

**D. പദത്തെ സംബന്ധിച്ച പഠനം**

1. പദത്തിന്റെ തുടക്കം കണ്ടുപിടിക്കുക.
2. പദപ്രയോഗം നിശ്ചയിക്കുക.
3. പ്രയോഗതരങ്ങൾ തിരിച്ചറിയുക

   (ഒരേ എഴുത്തുകാരൻ ഒരേ പുസ്തകത്തിൽ പ്രയോഗിച്ചിരുന്ന രീതി, ഒരേ എഴുത്തുകാരൻ വിവിധ പുസ്തകങ്ങളിൽ ഉപയോഗിച്ചിരുന്ന വിധം, ഒരേ പദം വിവിധ എഴുത്തുകാർ പ്രയോഗിച്ചിരുന്നത്, ബൈബിൾ എഴുത്തുകാർ അല്ലാത്ത ഗ്രന്ഥകാരന്മാർ ഒരേശബ്ദം ഉപയോഗിച്ചിരുന്ന വിധം മുതലായവ തിരിച്ചറിയുക).
4. ഒരു പദം അതിന്റെ പര്യായങ്ങളിൽ നിന്നും ഏറ്റവും അടുത്ത വിപരീതത്തിൽ നിന്നും എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു നോക്കി നൽകപ്പെട്ടിരിക്കുന്ന ഓരോ വാക്കിനും ഏറ്റവും അനുയോജ്യമായ അർത്ഥം നിർണ്ണയിക്കുക.
5. സന്ദർഭം പരിഗണിക്കുക.

   (തൊട്ടടുത്ത് മുമ്പും പിമ്പുമുള്ള സന്ദർഭം, ഖണ്ഡികയുടെയോ അദ്ധ്യായത്തിന്റെയോ പശ്ചാത്തലം, പുസ്തകത്തിന്റെ സന്ദർഭം, സമാന്തരഭാഗങ്ങളുടെ സാഹചര്യം, മുഴു ബൈബിളിന്റെയും പശ്ചാത്തലം). ഇപ്രകാരമുള്ള പ്രക്രിയയിൽ കൂടി പദത്തിന്റെ അർത്ഥം നിർണ്ണയിക്കുവാൻ കഴിയും.

**E. പദങ്ങളുടെ ബന്ധം കണ്ടുപിടിക്കുക.**

വാചകങ്ങൾ, ഘടകവാകൃങ്ങൾ, വാകൃങ്ങൾ, ശബ്ദക്രമവും ആവർത്തനവും എന്നിവയാണ് പരിശോധിക്കുവാനുള്ളത്.

**F. അലങ്കാരഭാഷ ശ്രദ്ധിക്കുക**

(താരതമ്യത്തിന്റെ അലങ്കാരം, ബന്ധത്തെ കേന്ദ്രീകരിച്ചുള്ള അലങ്കാരങ്ങൾ, അപൂർണ്ണ അലങ്കാരം, ആശയത്തികവിന്റെ അലങ്കാരങ്ങൾ, ന്യൂനോക്തി അലങ്കാരങ്ങൾ, പൊരുത്തക്കുറവും വൈരുദ്ധ്യവും തോന്നിപ്പിക്കുന്ന അലങ്കാരങ്ങൾ, പകരമോ വ്യക്തി

പരമോ ആയിട്ടുള്ള അലങ്കാരങ്ങൾ, പരോക്ഷാർത്ഥ അലങ്കാരപ്രയോഗങ്ങൾ മറ്റ് അലങ്കാരപ്രയോഗങ്ങൾ).

## G. സാഹിത്യതരം നിശ്ചയിക്കുക

ഓരോ സാഹിത്യതരത്തിനും പ്രത്യേകമായുള്ള വ്യാഖ്യാന തത്ത്വങ്ങൾ പ്രയോഗിക്കുക. (നിയമപരം, ചരിത്രപരം, ദൈവശാസ്ത്രപരം, വിവരണങ്ങൾ, കവിത, ജ്ഞാനം, പ്രവചനപരം, സുവിശേഷങ്ങൾ, ഉപമകൾ, രൂപകഥകൾ, ലേഖനങ്ങൾ, മറനീക്കുന്നത്, പ്രതിരൂപങ്ങൾ, പ്രതീകങ്ങൾ....)

## H. പുനരവലോകനം

എത്തിച്ചേരുന്ന തീരുമാനങ്ങൾ മറ്റു ഭാഗത്തിനും പുസ്തകത്തിനും വിഭാഗത്തിനും മൊത്തം ബൈബിളിനും എങ്ങനെ പരിപൂരകം ആകുന്നു? ബൈബിളിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന മുഴുവൻ സത്യവുമായി സ്വീകരിച്ച തീരുമാനങ്ങൾ എപ്രകാരം യോജിക്കുന്നു? പഥ്യോപദേശവുമായി തീരുമാനങ്ങൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

## IV പ്രയോഗം

'ബൈബിൾ എന്ത് അർത്ഥമാക്കി' എന്നുള്ളത് **അർത്ഥം കണ്ടെത്തൽ** 'ബൈബിൾ എന്ത് അർത്ഥമാക്കുന്നു' എന്നുള്ളത് വ്യാഖ്യാനം (റോമർ 15:4 എന്നാൽ മുൻ എഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിനുതന്നെ എഴുതിയിരിക്കുന്നു, 1 കൊരി 10:11 അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചുപോയതുപോലെ നിങ്ങൾ പിറുപിറുക്കയുമരുത്. ഇതു ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു) 'ഞാൻ എന്തു ചെയ്യണം' എന്നുള്ളത് പ്രയോഗം (യാക്കോബ് 1:22–25 ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ.

എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവികമുഖം കണ്ണാടിയിൽ നോക്കുന്ന ആളോടൊക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്ന് ഉടനെ മറന്നുപോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും. ).

ബൈബിൾ പഠനത്തിൽ നിരീക്ഷണം, അർത്ഥം കണ്ടെത്തൽ, വ്യാഖ്യാനം എന്നീ മൂന്നു ഘടകങ്ങൾ കഴിഞ്ഞാൽ അടുത്തത് പ്രയോഗം ആകുന്നു. ബൈബിൾ പഠനത്തിന്റെ അത്യന്തികമായ ലക്ഷ്യം ദൈവവചനത്തെ ജീവിതത്തിൽ പ്രയോഗികമാക്കുക എന്നുള്ളതാകുന്നു. കാരണം തന്റെ വചനത്തിൽകൂടി ഓരോരുത്തരുടെയും ജീവിതത്തിൽ പരിവർത്തനം സംഭവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. പഠിച്ചത് പ്രാവർത്തികമാക്കിയെങ്കിലേ ഇതിനു സാധിക്കുകയുള്ളൂ. വ്യക്തിപരമായ ഉപയോഗം ഇല്ലാത്ത ബൈബിൾ അഭ്യസനം വെറും സിദ്ധാന്തപരമായ ഉദ്യമവും, പ്രയോഗം ഇല്ലാത്ത വ്യാഖ്യാനം നിഷ്ഫലവും ആകുന്നു. ബൈബിൾ ഒരു പ്രായോഗിക ഗ്രന്ഥമാകുന്നു (2 തിമൊ 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് .......), 2 പത്രൊ 1:3 തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ).

ബൈബിൾ ഭാഗത്തിന്റെ ശരിയായ വ്യാഖ്യാനത്തിൽ എത്തിയശേഷം അതിന്റെ കൃത്യമായ അർത്ഥം വ്യക്തിജീവിതത്തിൽ പ്രായോഗികം ആക്കുന്നതിനെയാണ് പ്രയോഗം എന്നു പറയുന്നത്. ക്രിസ്തീയ ജീവിതത്തിൽ ഇത് അത്യാവശ്യവും ഒഴിച്ചുകൂടാനാവാത്തതും ആയതിനാൽ ഇതിന്റെ പ്രാധാന്യവും വളരെ വലുതാകുന്നു.

എന്നാൽ ചിലർ വ്യാഖ്യാനം കൊണ്ട് ബൈബിൾ പഠനം അവസാനിപ്പിക്കും. വർത്തമാനകാലത്തിലുള്ള അതിന്റെ പ്രായോഗികതയെ പാടേ അവഗണിച്ചുകളയും. വേറെ ചിലർ വ്യാഖ്യാനിക്കുന്നതിനു മുമ്പേ പ്രയോഗം ചെയ്യും. ഇവ രണ്ടും അബദ്ധമാകുന്നു.

വ്യക്തിജീവിതത്തിലെ പ്രയോഗത്തിലേക്ക് നയിക്കുന്നതാവണം ബൈബിൾ പഠനം. ബൈബിൾ അഭ്യസനത്തോടുകൂടെ പ്രയോഗം സ്വയമേവ സംഭവിച്ചുകൊള്ളും എന്നു കരുതുന്നതും ഇല്ലാതില്ല. എന്നാൽ അങ്ങനെയല്ല. ഇതു കഠിനമായ കാര്യം ആകുന്നു. ആലോചനയും പിശാചിനെതിരായ പോരാട്ടവും കൂടാതെ മനുഷ്യൻ ദൈവാലോചനയെ അനുസരിച്ചുള്ള മാറ്റത്തെ എതിർക്കുന്നു എന്നുള്ളതാണ് ഇതിനു കാരണം. അതുകൊണ്ടു തന്നെ പ്രയോഗം ആകസ്മികമായി സംഭവിക്കുന്നില്ല. തിരുവചനത്തെ നേരായ നിലയിൽ പ്രയോഗിക്കുവാൻ അതിനെ ഇന്നത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക എന്നുള്ള വെല്ലുവിളിയെ നേരിട്ടേ മതിയാവൂ.

അപ്പോൾ, എല്ലായ്പ്പോഴും, ഇപ്പോൾ എന്നീ മൂന്നു പടികളാണ് അതിനായി നിർദ്ദേശിച്ചിട്ടുള്ളത്. തിരുവെഴുത്തുകളെ ആദ്യമായി കൈപ്പറ്റിയവരോട് എന്തു വിനിമയം ചെയ്യുവാനാണ് ബൈബിൾ മൂലഗ്രന്ഥ എഴുത്തുകാരൻ ഉദ്ദേശിച്ചത് – "അപ്പോൾ," എല്ലാ കാലത്തുമുള്ള എല്ലാവർക്കും ബാധകമായ സമയബന്ധിതമല്ലാത്ത സത്യം എന്താണ് "എല്ലാ

യ്പ്പോഴും" സമകാലീനരായവർക്ക് ഇതിന്റെ ഉപയോഗം എന്താണ് – "ഇപ്പോൾ" എന്നു തിരിച്ചറിയുവാൻ കഴിഞ്ഞെങ്കിലേ ശരിയായ പ്രയോഗം സാധ്യമാകു. ദൈവശാസ്ത്രപരവും അന്തർദർശനപരവുമായ അടിസ്ഥാനം ഇതിന്റെ സുപ്രധാന ഘടകങ്ങളാകുന്നു. ദൈവശാസ്ത്രപരമായതിൽ നിന്നും പ്രയോഗികമായതിലേക്ക്, താത്ത്വികമായതിൽ നിന്നു തന്ത്രപരമായതിലേക്ക്, പൊതുവായുള്ളതിൽ നിന്നു പ്രത്യേകം ആയതിലേക്ക്, തത്ത്വചിന്തകനിൽ നിന്നു ചികിത്സകനിലേക്ക്, ബൈബിളിൽ നിന്നു ചുറ്റുപാടിലേക്ക് എന്നീ തത്ത്വങ്ങളാണ് ആരോഗ്യകരമായ പ്രയോഗത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ബൈബിളിലെ ഒരു ഭാഗത്തിന്റെ അർത്ഥം ശരിയായി മനസ്സിലായി കഴിഞ്ഞാൽ ചില ചോദ്യങ്ങൾ സ്വയം ചോദിക്കാം.

1. ഈ ഭാഗം ദൈവത്തെക്കുറിച്ച് എന്നെ എന്തു പഠിപ്പിക്കുന്നു?
2. ഈ ഭാഗം എന്നെപ്പറ്റി എന്തു പറയുന്നു ?
3. ഏറ്റുപറയേണ്ടതായ എന്തെങ്കിലും പാപം ഉണ്ടോ?
4. മാറ്റേണ്ടതായ എന്തെങ്കിലും മനോഭാവം ഉണ്ടോ?
5. ഇതിൽ അനുസരിക്കുവാനുള്ള എന്തെങ്കിലും കല്പനയോ വിലക്കോ ഉണ്ടോ?
6. പിൻതുടരുവാനോ ഒഴിവാക്കേണ്ടതോ ആയ ഏതെങ്കിലും മാതൃക ഉണ്ടോ?
7. വിശ്വസിക്കേണ്ടതായ ഒരു സത്യം ഇതിലുണ്ടോ?
8. ആശ്രയിക്കേണ്ടതായ ഒരു വാഗ്ദത്തമോ ഭീഷണിയോ ഈ ഭാഗത്തുണ്ടോ?
9. ആരാധനയെയോ പ്രാർത്ഥനയെയോ സംബന്ധിച്ചുള്ള എന്തെങ്കിലും നിർദ്ദേശം ഉണ്ടോ?

നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ വേണ്ടിയാണ് ബൈബിൾ എഴുതപ്പെട്ടിരിക്കുന്നത് എന്നുള്ളതുകൊണ്ടുതന്നെ അത് എക്കാലത്തും പ്രസക്തമാകുന്നു (റോമർ 4:23,24 അവനു കണക്കിട്ടു എന്ന് എഴുതിയിരിക്കുന്നത് അവനെ വിചാരിച്ചു മാത്രം അല്ല, നമ്മെ വിചാരിച്ചും കൂടെ ആകുന്നു. നമ്മടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന് ഏല്പിച്ചും നമ്മുടെ നീതികരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തു....., 1 കൊരി 10:6 ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു; അവർ മോഹിച്ചതുപോലെ നാമം ദുർമോഹികൾ ആകാതിരിക്കേണ്ടതിനു തന്നെ.). എന്നാൽ തിരുവചനത്തെ മെച്ചവും കൂടുതൽ ശ്രദ്ധിക്കുന്നത് പ്രയോജനകരമായിരിക്കും. ചില അടിസ്ഥാന തത്ത്വങ്ങൾ ശ്രദ്ധിക്കുന്നത് പ്രയോജനമായിരിക്കും.

### A. ശരിയായ വ്യാഖ്യാനം

ശരിയായ പ്രയോഗം ശരിയായ വ്യാഖ്യാനത്തെയും, ശരിയായ വ്യാഖ്യാനം ശരിയായ അർത്ഥത്തെയും ആശ്രയിച്ചാണിരിക്കുന്നത്. ഒരു ബൈബിൾ ഭാഗത്തിന് വ്യക്തമായതും അന്തർലീനമായതും എന്നീ രണ്ട് അർത്ഥങ്ങളുണ്ട്. ഇവ രണ്ടും കൂടി ചേർന്ന്

ഉണ്ടാകുന്നതിനെ മുഴുവനായ അഥവാ അർത്ഥചക്രവാളം എന്നു പറയുന്നു. ഒരു ഭാഗത്തിന് അർത്ഥങ്ങളും ഉപഅർത്ഥങ്ങളും ഉണ്ടെന്നാകുന്നു. ഇതിനർത്ഥം എല്ലാ ഭാഗത്തിനും അതിന്റെ ഉപഅർത്ഥങ്ങളെയും അർത്ഥത്തെയും നിയന്ത്രിക്കുന്നതിന് ആധാരമായ ഒരു 'ആന്തരീയ ചക്രവാളം' ഉണ്ട്. കാലത്തിനൊപ്പം മാറ്റം വരാതെ സ്ഥിരമായിരിക്കുന്ന ഈ ആശയത്തിനെയാണ് അർത്ഥം എന്നു പറയുന്നത്. എപ്പോഴും അർത്ഥം മാറിക്കൊണ്ടിരിക്കുന്ന 'ബാഹ്യചക്രവാളത്തെ സുചിത്രാർത്ഥങ്ങൾ എന്നാണ് വിളിക്കുക. സുചിതാർത്ഥം എല്ലായ്പ്പോഴും അർത്ഥത്തോട് ബന്ധപ്പെട്ടുള്ളതായിരിക്കും. ബൈബിളിലെ ഒരു ഭാഗത്തെ ഒരു പ്രത്യേക ചുറ്റുപാടിൽ പ്രയോഗിക്കുമ്പോൾ അതിന്റെ 'ബാഹ്യചക്രവാളം' അഥവാ സുചിതാർത്ഥത്തിലേക്കാണ് ശ്രദ്ധവെക്കേണ്ടത്. അതിനാൽ ഒരു ഭാഗത്തിന്റെ അർത്ഥങ്ങളുടെ ചക്രവാളത്തിന്റെ സൂചികാർത്ഥത്തെ, ഒരു പ്രത്യേക ജീവിതചുറ്റുപാടിനോ ശുശ്രൂഷാ സാഹചര്യത്തിനോ വിശദീകരിക്കുന്നതിനെ പ്രയോഗം എന്നു നിർവചിക്കാവുന്നതാകുന്നു. പ്രയോഗം എല്ലായ്പ്പോഴും ഗ്രന്ഥകർത്താവിന്റെ ആദ്യ അർത്ഥവുമായി പരസ്പരം ബന്ധിക്കപ്പെട്ടിരിക്കും എന്നാണ് ഇതിന്റെ അർത്ഥം. ഇവിടെയാണ് പലർക്കും പിഴവും സംഭവിക്കുന്നത്. അനുഗ്രഹത്തിനും ആശ്വാസത്തിനും ഭക്തിക്കും വേണ്ടി വ്യാജേന, ആദ്യത്തെ അർത്ഥത്തെ അവഗണിച്ചും; പുസ്തക ഭാഗത്തിന്റെ ഉദ്ദേശ്യത്തെ ഒഴിഞ്ഞുമാറിയും തെറ്റായി വ്യാഖ്യാനിക്കുക മൂലം തെറ്റായ പ്രയോഗത്തിലും ചെന്നുവീഴുന്നു. ഒരു വേദഭാഗം എന്തർത്ഥമാക്കുന്നു എന്നു വ്യാഖ്യാനം ആരായുമ്പോൾ, അത് എനിക്ക് എന്ത് അർത്ഥമാക്കുന്നു എന്നു പ്രയോഗം ചോദിക്കുന്നു. അതിനാൽ പ്രയോഗിക്കുന്നതിനു മുമ്പേ ശരിയായ വ്യാഖ്യാനം അനിവാര്യമാകുന്നു. യാക്കോബിന്റെ മൽപ്പിടിത്തത്തെ പ്രാർത്ഥനാജീവിതം എന്നു വ്യാഖ്യാനിച്ചാൽ, പ്രാർത്ഥനയ്ക്കു മറുപടി നൽകുവാൻ, ദൈവവുമായി പ്രാർത്ഥനയിൽ മൽപ്പിടിത്തം ചെയ്ത് അവനെ സ്വതന്ത്രമാക്കണം എന്നു പ്രയോഗിക്കേണ്ടതായി വരും! അതിനാൽ പ്രയോഗത്തിനു മുമ്പേ ശരിയായ അർത്ഥം കണ്ടെത്തിയശേഷം ശരിയായ വ്യാഖ്യാനത്തിൽ എത്തിച്ചേരണം.

**B. 'അപ്പോൾ' അഥവാ അന്ന്**

ബൈബിളിന്റെ മാനുഷിക എഴുത്തുകാർ തങ്ങളുടെ ആദിമമായ വായനക്കാരുമായി എന്ത് ആശയവിനിമയം ചെയ്യുന്നതിനാണ്, അഥവാ എന്താണ് അവരിൽ നിന്നു പ്രതീക്ഷിച്ചത് എന്നു മനസ്സിലാക്കുന്നത് പ്രയോഗത്തിനു വളരെ പ്രയോജനപ്രദമാകുന്നു. അന്ന് അത് ആദിമമായി സ്വീകരിച്ചവരിൽ നിന്നു തീർച്ചയായും അത് എഴുതിയവർ ചില പ്രയോഗങ്ങൾ പ്രതീക്ഷിച്ചു കാണണം. അന്നത്തെ ജനത്തിനും ഇന്നത്തെ ആളുകൾക്കും തമ്മിൽ പൊതുവായിട്ടുള്ളത് പ്രയോഗത്തിന് ആധാരമായി സ്വീകരിക്കാവുന്നതാണ് (എഫെസ്യർ ലേഖനം, 2 തെസ 3:5 കർത്താവ് താൻ നിങ്ങളുടെ ഹൃദയങ്ങളെ

ദൈവത്തിന്റെ സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ സഹിഷ്ണുതയിലേക്കും തിരിക്കുമാറാകട്ടെ, 1 കൊരി 7:15 അവിശ്വാസി വേർപിരിയുന്നു എങ്കിൽ പിരിയട്ടെ; ഈ വകയിൽ സഹോദരനോ സഹോദരിയോ ബദ്ധരായിരിക്കുന്നില്ല; എന്നാൽ സമാധാനത്തിൽ ജീവിപ്പാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ഗലാത്യർ 10:6,11). അന്ന് എല്ലാവർക്കും ബാദ്ധ്യസ്ഥമായിരുന്ന പലതും ഇന്നു ബാദ്ധ്യസ്ഥമല്ല (ലേവ്യ 11, അപ്പൊ 10:9–16, 1 തിമൊ 4:4 എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലത്; സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല.). അതുപോലെ ഒരു വ്യക്തിക്കുണ്ടായ പ്രത്യേകമായ അനുഭവങ്ങൾ – വിവരണങ്ങൾ – ഇന്നും ദൈവത്തിൽ നിന്നും ഉണ്ടായിക്കൊള്ളണമെന്നില്ല.

**C. 'എല്ലായ്പ്പോഴും' അഥവാ എന്നും**

സമയബന്ധിതമല്ലാത്ത സത്യം എല്ലാ കാലങ്ങളിലുമുള്ള എല്ലാവർക്കും എല്ലായപ്പോഴും അനുസരിക്കുവാൻ ബാദ്ധ്യസ്ഥം ആകുന്നു (ലേവ്യ 19:18 നിന്റെ ജനത്തിന്റെ മക്കളോടു പക വയ്ക്കരുത്; കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം, എഫെ6:1 മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ, 1 തിമൊ 5:1 മൂത്തവനെ ഭർത്സിക്കാതെ അപ്പനെപ്പോലെയും ഇളയവരെ സഹോദരന്മാരെപ്പോലെയും മൂത്ത സ്ത്രീകളെ അമ്മമാരെപ്പോലെയും.......). സത്യമായും സംഭവിച്ച ഒരു സംഗതിയെ വിവരണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അതു സാർവ്വലൗകീകമായി പാലിക്കേണ്ടതായ ദൈവഹിതത്തിന്റെ വെളിപ്പാടായിക്കൊള്ളണമെന്നില്ല. അതുപോലെ പെന്തകോസ്തുനാൾ പരിശുദ്ധാത്മാവു വന്നപ്പോൾ ഉണ്ടായ 'കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നു' മുഴക്കവും 'അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന' നാവുകളും വന്നു കൂടുന്നവരുടെ ഭാഷയിൽ (അപ്പോ.പ്ര.2:1–6) അന്യഭാഷയിൽ സംസാരവും ഇനി പ്രതീക്ഷിക്കേണ്ടതില്ല. കാരണം അത് ഒരു പ്രത്യേക ചരിത്ര സംഭവം ആകുന്നു. അതിനാൽ വിവരണ ഭാഗങ്ങളിൽ നിന്നു തത്ത്വങ്ങൾ രൂപീകരിക്കുമ്പോൾ വളരെ ശ്രദ്ധിക്കേണ്ടതാണ്. ബൈബിളിൽ മറ്റെവിടെയെങ്കിലും നേരിട്ടു പഠിപ്പിച്ചിട്ടുള്ളതിനെ ചിത്രീകരിച്ചു വ്യക്തമാക്കുകയാണ് വിവരണങ്ങൾ ചെയ്യുന്നത്. ബൈബിളിലെ ഒരു ഭാഗം എല്ലായ്പ്പോഴും എല്ലാവർക്കും ബാധകമാണോ എന്നറിയുന്നതിനുള്ള ചില കാരണങ്ങൾ ശ്രദ്ധിക്കുക.

1. സന്ദർഭം കൈപ്പറ്റിയവരെയോ പ്രയോഗത്തെയോ പരിമിതപ്പെടുത്തിയിട്ടുണ്ടോ?
2. തുടർന്നുള്ള വെളിപ്പാടുകൾ കൈപ്പറ്റിയവരെയോ പ്രയോഗത്തെയോ പരിമിതപ്പെടുത്തിയിട്ടുണ്ടോ?
3. പ്രത്യേക ഉപദേശം ബൈബിളിലെ മറ്റ് ഉപദേശങ്ങൾക്കു പൊരുത്തപ്പെടാത്തതാണോ?
4. ബൈബിളിൽ കൊടുത്തിരിക്കുന്ന നിയമത്തിന്റെ കാരണവും നിയമം ആകുന്നു എന്നുള്ളതിനു കാണിച്ച കാരണവും എല്ലായ്പ്പോഴും ബാധകം ആയിട്ടുള്ളതാണോ?

5. പ്രത്യേക ഉപദേശവും അതിനു പിന്നാലെ തത്ത്വവും എല്ലായ്പ്പോഴും ബാധകമായിട്ടുള്ളത് ആണോ?
6. ചരിത്രപശ്ചാത്തലത്തെ ബൈബിൾ എല്ലായ്പ്പോഴും ബാധകമായിട്ടുള്ളതായി പരിഗണിച്ചിട്ടുണ്ടോ?
7. സാംസ്കാരിക പശ്ചാത്തലത്തെ ബൈബിൾ പരിമിതമായി കരുതിയിട്ടുണ്ടോ?

നേരത്തെ സൂചിപ്പിച്ചതുപോലെ ചില ലേഖനങ്ങൾ ഒരു പ്രത്യേക സഭയെ സംബോധന ചെയ്ത് എഴുതിയവ ആണെങ്കിലും അവ എല്ലാവർക്കും പ്രായോഗികമാകുന്നു (കൊലൊ 3:2,9). അതുപോലെ കൂട്ടുകാരനെ സ്നേഹിക്കുക എന്നുള്ളത് പഴയനിയമ പ്രമാണം ആണെങ്കിലും (മത്തായി 5:43 കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ, 22:39 കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം, റോമ 13:9 വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നുള്ളതും മറ്റ് ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു, ഗലാ 5:14 കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം എന്നുള്ള ഏകവാക്യത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു, യാക്കോ 2:8 എന്നാൽ കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്ന തിരുവെഴുത്തിന് ഒത്തവണ്ണം രാജകീയ ന്യായപ്രമാണം നിങ്ങൾ നിവർത്തിക്കുന്നു എങ്കിൽ നന്ന്.) ഇന്നും എന്നും പ്രായോഗികമാകുന്നു. പ്രത്യേക യുഗങ്ങളിലുള്ള ദൈവത്തിന്റെ ഇടപെടൽ, ഒരു ഭാഗത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന തത്ത്വം, വിവിക്ഷിതാർത്ഥം മുതലായവ പരിഗണിച്ചു വേണം ഒരു കാര്യം എല്ലാക്കാലത്തേക്കും ബാധകമാണോ എന്ന് ഉറപ്പു വരുത്തുവാൻ. ചിലപ്പോൾ അവ പരോക്ഷമായിട്ടാവാം നൽകിയിരിക്കുന്നത്. ശിമെയി ദാവീദിനെ ശപിക്കുന്ന സംഭവത്തിൽ (2 ശമു 16:5–11) “അവിടെ വിടുവിൻ, അവൻ ശപിക്കട്ടെ” എന്നു ദാവീദു പറയുന്നതിൽ നിന്നും, വിശ്വാസികൾ തങ്ങളെ ഉപദ്രവിക്കുന്നവരോട് പകരം വീട്ടരുത് എന്ന തത്ത്വം എന്നും പ്രയോഗത്തിൽ വരുത്തേണ്ടതാണ്.

## D. ‘ഇപ്പോൾ’ ഇന്ന്

സമകാലീകമായ പ്രയോഗിക്കേണ്ടവയെ അത്രെ ഇപ്പോൾ എന്നു പറയുന്നത്. വ്യത്യസ്തകാലങ്ങളിൽ ദൈവം ഇടപെട്ട രീതി എങ്ങനെയെന്നു തിരിച്ചറിയുകയാണ് ഇവിടെയും പ്രധാനം. പഴയനിയമ കാലത്തുള്ളവർക്കുവേണ്ടി നൽകിയ ചില നിയമങ്ങൾ ഇന്നുള്ളവർക്കായി അസാധുവാക്കപ്പെട്ടിരിക്കുന്നു. പുതിയനിയമത്തിലെ ചില നിർദ്ദേശങ്ങളും അങ്ങനെ ഉള്ളതാകുന്നു. “മരിച്ചവരെ ഉയിർപ്പിപ്പിൻ” (മത്തായി 10:8) എന്നുള്ള യേശുക്രിസ്തുവിന്റെ കല്പന എല്ലാ വിശ്വാസികളോടും ഉള്ളതല്ല, പന്തിരു

വർക്കുവേണ്ടി മാത്രം ഉള്ളതാകുന്നു. (ഇന്ന് അങ്ങനെ സംഭവിച്ചുകൂടാ എന്ന് ഇതിന് അർത്ഥമില്ല). ഈ കല്പന വേറെങ്ങും ആവർത്തിച്ചിട്ടില്ല എന്നു മാത്രമല്ല, തുടർന്നുള്ള നിർദ്ദേശങ്ങളും – "മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്കു പൊക്കണവും രണ്ട് ഉടുപ്പും ചെരിപ്പും വടിയും കരുതരുത്" ഇതിനു തെളിവാകുന്നു. എന്നാൽ പിന്നീട്, "എന്നാൽ ഇപ്പോൾ മടിശീലയുള്ളവൻ അത് എടുക്കട്ടെ; അവ്വണ്ണം തന്നേ പൊക്കണമുള്ളവനും; ഇല്ലാത്തവനോ തന്റെ വസ്ത്രം വിറ്റു വാൾ കൊള്ളട്ടെ" (ലൂക്കൊ 22:36) എന്നു തിരുത്തുന്നു. ആദ്യത്തേത്, ഒരു പ്രത്യേക സന്ദർഭത്തിൽ, പ്രത്യേക ദൗത്യത്തിനായി, പന്ത്രണ്ട് പേർക്കു മാത്രം നൽകുന്ന കല്പനയായി വേണം കാണുവാൻ. എന്നാൽ പിന്നത്തേത് പൊതുവായുള്ളതും. ആഹാരം നൽകുവാൻ ദൈവം ഇന്നും പക്ഷിമൃഗാദികളെ പറഞ്ഞയ്ക്കും എന്നു പ്രതീക്ഷിക്കുവാൻ കഴിയുകയില്ലെങ്കിലും ഒരു ഭക്തന്റെ ആവശ്യങ്ങളെ നിറവേറ്റുവാൻ ദൈവത്തിൽ ആശ്രയിക്കാം എന്നുള്ള തത്ത്വം ഇന്നും പ്രായോഗികമാകുന്നു. ചില വിഷയങ്ങളിലെ പെരുമാറ്റങ്ങൾ ഒരു പ്രത്യേക സംസ്കാരത്തിനു മാത്രം ബാധകമായതിനാൽ അന്യസംസ്കാരത്തിലുള്ളവർക്കു നിർബന്ധം ആയിരിക്കണമെന്നില്ല (1 തെസ്സ 5:26).

പ്രാർത്ഥനയും വചനധ്യാനവും പരിശുദ്ധാത്മാവിന്റെ നടത്തിപ്പും പ്രയോഗത്തിന് ഏറ്റവും അനിവാര്യമാകുന്നു. തിരുവചനത്തിലെ ഒരു ഭാഗത്തെ എങ്ങനെ പ്രയോഗിക്കണമെന്ന് അറിയുവാൻ അതിലേയ്ക്കുള്ള ഉൾക്കാഴ്ചയും, സ്വയം മെച്ചപ്പെടുത്തേണ്ട ഇടങ്ങളെ മെച്ചപ്പെടുത്തുകയും, ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും വേണം. ബൈബിൾ വായിച്ചതുകൊണ്ടോ പഠിച്ചതുകൊണ്ടോ ഒരുപക്ഷേ, സാത്താനു വലിയ പ്രശ്നം ഉണ്ടാകില്ല. അതു പ്രയോഗിക്കുവാൻ ഒരുമ്പെടുമ്പോഴാണ് അവൻ കൂടുതൽ ശക്തിയോടെ എതിർക്കുന്നത്. ശരിയായ പ്രയോഗം മാറ്റത്തിന് വിധേയമാകുന്നു. ആയിരിക്കുന്ന അവസ്ഥയിൽ തുടരുവാനാണ് ആളുകൾ സാധാരണയായി ആഗ്രഹിക്കുന്നത്. പ്രയോഗം ഇതിനു തടസ്സം സൃഷ്ടിക്കും. ബൈബിൾ സൂക്തങ്ങൾ പ്രാവർത്തികമാക്കുവാൻ ഒരാൾക്കു തന്റെ അകത്തു നിന്നും പുറത്തുനിന്നും എതിർപ്പിനെ നേരിടണം. പ്രാർത്ഥനയിൽ കൂടി ഇവയെ പരാജയപ്പെടുത്താം. പ്രയോഗം വ്യക്തിപരം ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ധ്യാനം എന്നാൽ പ്രയോഗിക്കുവാൻ ഉദ്ദേശിക്കുന്ന ഭാഗത്തെ വിചിന്തനം ചെയ്യുക എന്നാണർത്ഥം. ചിലപ്പോൾ അധികസമയം വേണ്ടി വന്നു എന്നുവരാം. പ്രയോഗ സംബന്ധമായിട്ടുള്ള എല്ലാ തത്ത്വങ്ങളെയും, ഈ അവസരത്തിൽ, പഠിച്ച ഭാഗവുമായി ബന്ധപ്പെടുത്തേണ്ടതായി വരും.

# ബൈബിൾ ചരിത്ര പശ്ചാത്തലം

## യിസ്രായേൽ

തിരുവെഴുത്തുകളിൽ 'യിസ്രായേൽ' എന്ന നാമത്തിന് നാലു അർത്ഥങ്ങളുണ്ട്. 1. യിസ്ഹാക്കിന്റെ പുത്രനായ യാക്കോബ് എന്ന വ്യക്തി, 2. യാക്കോബിന്റെ സന്തതികളായ പന്ത്രണ്ടു ഗോത്രങ്ങൾ, 3. അവിഭക്ത യിസ്രായേൽ 4. വിഭക്തി യിസ്രായേൽ.

പെനീയേലിൽ വച്ച് യാക്കോബ് ഒരു രാത്രി ദൈവദൂതനുമായി മല്ലുപിടിച്ചു. അതിൽ യാക്കോബ് ജയിച്ചു. അതിന്റെ ഫലമായി "നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചതുകൊണ്ടു നിന്റെ പേർ ഇനി യാക്കോബ് എന്നല്ല യിസ്രായേൽ എന്നു വിളിക്കപ്പെടും" എന്നു യഹോവ പറഞ്ഞു. (ഉല്പത്തി 32:28). ബെഥേലിൽ വച്ച് യഹോവ വീണ്ടും യാക്കോബിനെ സന്ദർശിച്ചു പറഞ്ഞു "നിന്റെ പേർ യാക്കോബ് എന്നല്ലോ; ഇനി നിനക്കു യാക്കോബ് എന്നല്ല യിസ്രായേൽ എന്നു തന്നേ പേരാകേണം എന്നു കല്പിച്ചു അവനു യിസ്രായേൽ എന്നു പേരിട്ടു" (ഉല്പത്തി 35:10). അതിനുശേഷം 'യാക്കോബി' നുപകരം യിസ്രായേൽ എന്ന പേര് പഴയനിയമത്തിൽ പ്രചുരമായി പ്രയോഗിച്ചിരിക്കുന്നതു കാണാം. യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരും അക്ഷരാർത്ഥത്തിൽ യിസ്രായേലിന്റെ പുത്രന്മാർ ആണ്. (ഉല്പത്തി 42:5, 45:21. യാക്കോബിന്റെ പന്ത്രണ്ടു മക്കളിൽ ആരംഭിച്ച ആ രാഷ്ട്രം യിസ്രായേൽ (ഉല്പത്തി 34:7) യിസ്രായേൽ ജനം (പുറ 1:9) യിസ്രായേൽ (12) ഗോത്രങ്ങൾ (ഉല്പത്തി 49:16,28) യിസ്രായേൽ മക്കൾ (ഉല്പത്തി 32:32) എന്നീ പേരുകളിൽ അറിയപ്പെട്ടു. ഈജിപ്റ്റിലെ രാജാവായ മെറെൻപ്താ യുടെ ലിഖിതമാണ് യിസ്രായേൽ എന്ന രാഷ്ട്രത്തെക്കുറിച്ചു ആദ്യമായി പരാമർശിച്ചിട്ടുള്ള ബാഹ്യരേഖ. അടുത്ത പരാമർശം അശ്ശൂർ രാജാവായ ശല്മനേസർ മൂന്നാമത്തെ ലിഖിതത്തിലാണ്. യിസ്രായേൽ രാജാവായ ആഹാബിനെക്കുറിച്ച് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്, "യിസ്രായേൽ എന്നേക്കുമായി നശിച്ചു."

**യിസ്രായേലിന്റെ ആരംഭം :** യിസ്രായേലിന്റെ ചരിത്രാരംഭം ഈജിപ്റ്റിൽ നിന്നുള്ള പുറപ്പാടു മുതലാണ്. കനാൻ ദേശത്തു ഭയങ്കരമായ ക്ഷാമം ബാധിച്ചപ്പോൾ ഇടയന്മാരായിരുന്ന അവരുടെ പൂർവ്വപിതാക്കന്മാർ ഭക്ഷണപദാർത്ഥങ്ങൾക്കായി ഈജിപ്റ്റിലേക്കു വരികയും ഗോശെൻ ദേശത്തു പാർപ്പിച്ചുറപ്പിക്കുകയും ചെയ്തു. ഉദ്ദേശം പത്തു തലമുറകൾ കൊണ്ട് യിസ്രായേൽ മക്കൾ പുരുഷന്മാർ മാത്രം ആറുലക്ഷം ഉൾക്കൊള്ളുന്ന മഹാസമൂഹമായി വർദ്ധിച്ചു. (പുറ 12:37, സംഖ്യാ 1:46). ഇവരുടെ അമിതമായ വർദ്ധനവ് ഭരണാധികാരികളുടെ അസൂയയ്ക്കും ഭയത്തിനും കാരണമായി. അവർ യിസ്രായേല്യരെ വളരെയധികം പീഡിപ്പിക്കുകയും അവരെക്കൊണ്ടു ഊഴിയവേല ചെയ്യിപ്പിക്കുകയും ചെയ്തു. യിസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചു. ദൈവം അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും ചേയ്ത നിയമം ഓർത്തു.

ദൈവം കത്തുന്ന മുൾപ്പടർപ്പിൽ മോശെക്കു പ്രത്യക്ഷനായി യിസ്രായേൽ ജനത്തെ മോചിപ്പിക്കുവാൻ മോശെയോ നിയോഗിച്ചു. പത്തു ബാധികളിലൊടുവിലത്തേതായ കടിഞ്ഞൂൽ സംഹാരത്തിനു ശേഷമാണ് കഠിനഹൃദയനായ ഫറവോൻ യിസ്രായേൽ മക്കളെ വിട്ടയച്ചത്. പുറപ്പാടിന്റെ 480 വർഷത്തിലാണ് ശലോമോൻ ദൈവാലയം പണിയുവാൻ തുടങ്ങിയത്. അത് ബി.സി.966–ലായിരുന്നു. ഈ കണക്കനുസരിച്ച് പുറപ്പാട് 1446 ബി.സിയിലായിരിക്കണം. എന്നാൽ ഒരു നല്ല വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ പുറപ്പാടിന്റെ കാലം ബി.സി.1290 നടുപ്പിച്ചാണ്.

മോശെയുടെ നേതൃത്വത്തിൽ അവർ ഈജിപ്റ്റിൽ നിന്നും വളറെ കഷ്ടതകൾ സഹിച്ച് പദയാത്ര ചെയ്തു വാഗ്ദത്ത നാട്ടിലെത്തി. യാത്രാമദ്ധ്യേ സീനായി പർവ്വതത്തിൽ വച്ചു യഹോവയെ യിസ്രായേൽ ജനത പൂർണ്ണമായി അംഗീകരിച്ചു. യഹോവ യിസ്രായേലുമായി നിയമം ചെയ്തു അവർക്കു വാഗ്ദത്തം നല്കി. "ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ടു അനുസരിക്കുകയും എന്റെ നിയമം ജാതികളിലും വച്ചു പ്രത്യേക സമ്പത്തായിരിക്കും; ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്കു ഒരു പുരോഹിത രാജത്വവും വിശുദ്ധജനവും ആകും. ഇവ നീ യിസ്രായേൽമക്കളോടു പറയേണ്ടുന്ന വചനങ്ങൾ ആകുന്നു. (പുറ 19:5,6). സീനായി പർവ്വതത്തിൽ വച്ച് 'പത്തു കല്പനകൾ' യിസ്രായേൽ മക്കൾക്കു നൽകി. അന്യദേവന്മാർക്കു അസ്തിത്വം ഉണ്ടോ ഇല്ലയോ എന്നത് മോശെയുടെയോ അനുയായികളുടെയോ ചിന്തയിൽ സ്ഥാനം പിടിച്ചില്ല. യഹോവയെ പരമോന്നത ദൈവമായി അവർ അംഗീകരിച്ചുകഴിഞ്ഞു. ഇതിനെ ഏകദൈവവിശ്വാസം എന്നു വിളിക്കുന്നു. മോശെ യിസ്രായേലിന്റെ ആദ്യത്തെ നിയമദാതാവു മാത്രമായിരുന്നില്ല. അദ്ദേഹം ഒരു പ്രവാചകനും പുരോഹിതനും രാജാവും ആയിരുന്നു. ജനത്തിന്റെ വ്യവഹാരങ്ങളിൽ മോശെ തീർപ്പുകല്പിച്ചു. മതതത്വങ്ങൾ അവർക്കു വ്യാഖ്യാനിച്ചു മനസ്സിലാക്കിക്കൊടുത്തു. മോശെയുടെ മരണശേഷം അവർ പഴയ അടിമകളെപ്പോലെ ആയിരുന്നില്ല. കനാൻദേശം കീഴടക്കാനും താമസിക്കാനും ശക്തിയാർജ്ജിച്ച ഒരു സൈന്യമായി അവർ മാറിക്കഴിഞ്ഞു.

യിസ്രായേൽ ജനത കനാൻദേശത്ത് എത്തുന്നതിനു മുൻപുതന്നെ അവരുടെ പന്ത്രണ്ടു ഗോത്രങ്ങളും ഒരു സഖ്യത്തിലേർപ്പെട്ടു കഴിഞ്ഞിരുന്നു. അവരുടെ ഉടമ്പടി ബദ്ധ ഐക്യത്തിന്റെ അടയാളമാണഅ നിയമപെട്ടകം. അവർ ഒരിടത്തും താവളമടിക്കുമ്പോൾ സമാഗമനകൂടാരം പാളയത്തിനു മദ്ധ്യത്തിലായിരിക്കും. നിയമപെട്ടകം സമാഗമനകൂടാരത്തിൽ അതിവിശുദ്ധ സ്ഥലത്തു സൂക്ഷിച്ചിരുന്നു. കേന്യർ, കെനിസ്യർ, യെരഹ്മെല്യർ മുതലായവരുമായി യിസ്രായേല്യർക്ക് ബന്ധം ഉണ്ടായിരുന്നു. പില്ക്കാലത്തു ഇവരെല്ലാം യെഹൂദാഗോത്രവുമായി ഇഴുകിചേർന്നു. യിസ്രായേല്യർ തലമുറതലമുറക

ളായി അമാലേക്യരുമായി ശത്രുതയിലാണ്. ഒരിടത്തു സ്ഥരമായി താമസിച്ച് കൃഷി ചെയ്തു ജീവിക്കുന്ന കനാന്യരോടുള്ള സഖ്യതയും നാടോടികളായ ഇടന്മാരോടുള്ള സഖ്യതയും തമ്മിൽ വ്യത്യാസമുണ്ട്. കനാന്യരുടെ കാമപൂരിതമായ അനുഷ്ഠാനങ്ങളോടു കൂടിയ പ്രകൃതിപൂജ യഹോവയുടെ ആരാധനയ്ക്കു എതിരാണ്.

മരുഭൂമിപ്രയാണകാലത്തു കാദേശ്ബർന്നേയ ആയിരുന്നു അവരുടെ കേന്ദ്രം. ആ പ്രദേശം അവരുടെ വിശുദ്ധമന്ദിര സ്ഥാനവും പരാതികൾ കേട്ട് വിധി കല്പിക്കുന്ന സ്ഥലവും ആയിരുന്നു. അവർ കാദേശ് ബർന്നേയയിൽ നിന്നും യാത്ര തിരിച്ചപ്പോൾ അവരിൽ കുറച്ചുപേർ വടക്കു മധ്യനെഗീവിലേക്കു കടന്നു. എന്നാൽ അധികം പേരും ചാവുകടലിന്റെ തെക്കു കിഴക്കു ഭാഗത്തേക്കു ഏദോമ്യർ, അമോന്യർ, മോവാബ്യർ എന്നിവരുടെ അതിലൂടെ കടന്നുപോയി. അകലെ വടക്കു അമോര്യ രാജാക്കന്മാരായ സീഹോന്റെയും ഓഗിന്റെയും സാമ്രാജ്യങ്ങൾ സ്ഥിതി ചെയ്തിരുന്നു. സീഹോനും ഓഗും യിസ്രായേല്യരെ എതിർത്തു. എന്നാൽ യിസ്രായേല്യർ അവരെ തോല്പിച്ചു അവരുടെ പ്രദേശങ്ങൾ പിടിച്ചെടുത്തു. ഈ പ്രദേശങ്ങൾ പില്ക്കാലത്തു രൂബേൻ, ഗാദ്, പൂർവ്വ മനശ്ശേ എന്നീ പേരുകളിലറിയപ്പെട്ടു. യോർദ്ദാൻ കടക്കുന്നതിനു മുമ്പുതന്നെ യിസ്രായേല്യ സമൂഹത്തിലൊരു ഭാഗം കർഷകരായി മാറിക്കഴിഞ്ഞു. (സംഖ്യാ 32). ശേഷിച്ച ഗോത്രങ്ങൾക്കു പശ്ചിമകനാൻ വിഭജിച്ചു നല്കാനുള്ള ക്രമീകരണം മോശെ ചെയ്തു. (സംഖ്യാ 33–34). ഇക്കാലത്തു യിസ്രായേലിനെ ശപിക്കാൻ ബിലെയാമിനെ കൊണ്ടുവന്നപ്പോൾ ബിലെയാം യിസ്രായേലിനെ അനുഗ്രഹിക്കുകയും മശീഹയുടെ ആഗമനത്തെ മുന്നറിയിക്കുകയും ചെയ്തു. "ഞാൻ അവനെ കാണും, ഇപ്പോൾ അല്ലതാനും; ഞാൻ അവനെ ദർശിക്കും, അടുത്തല്ലതാനും. യാക്കോബിൽ നിന്നും ഒരു നക്ഷത്രം ഉദിക്കും; യിസ്രായേലിൽ നിന്നു ഒരു ചെങ്കോൽ ഉയരും. അതു മോവാബിന്റെ പാർശ്വങ്ങളെയെല്ലാം തകർക്കയും തുമുല പുത്രന്മാരെ ഒക്കെയും സംഹരിക്കുകയും ചെയ്യും." (സംഖ്യാ 24:17). അനന്തരം മോശെ തന്റെ പിൻഗാമിയായി യോശുവയെ അഭിഷേകം ചെയ്തു. (സംഖ്യാ 27:33). നെബോ പർവ്വതത്തിൽ പിസ്ഗാ മുകളിൽ കയറി വാഗ്ദത്തദേശം കണ്ടശേഷം മോശെ മരിച്ചു. യഹോവ അവനെ അടക്കി. (ആവ 34:5,6).

**കനാൻ ആക്രമണം**

യിസ്രായേല്യർ യോർദ്ദാൻ കടന്നതിനുശേഷം യെരീഹോമതിൽ നശിപ്പിക്കുകയും പിടിച്ചെടുക്കുകയും ചെയ്തു. അതിനുശേഷം അവർ ആ പ്രദേശത്തിന്റെ ഹൃദയഭാഗത്തേക്കു ചെന്നു. കോട്ടകൾ ഓരോന്നായി അവരുടെ മുമ്പിൽ വീണു. ഈജിപ്റ്റ് കനാന്യരെ സഹായിക്കുവാനുള്ള ഒരു നിലയിലായിരുന്നില്ല. പടിഞ്ഞാറെ തീരത്തുള്ള ഒരു റോഡു മാത്രമെ ഈജിപ്റ്റിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്നുള്ളൂ. മാത്രവുമില്ല, ഫെലിസ്ത്യർ ഈ പ്രദേശത്തു ഈജിപ്ഷ്യൻ ശക്തിയുടെ വളർച്ചയ്ക്കു വിഘ്നമായി നില

കൊണ്ടു. ദക്ഷിണഭാഗത്തു ഗിബെയോൻ കീഴടങ്ങുകയും തന്ത്രപൂർവ്വം നാശം ഒഴിവാക്കുകയും ചെയ്തു. (യോശുവ 9:15). ഇതിൽ പ്രകോപിതരായ അഞ്ചു രാജാക്കന്മാർ യെരുശലേം രാജാവിന്റെ നേതൃത്വത്തിൽ യിസ്രായേല്യരുടെ തെക്കു ഭാഗത്തേക്കുള്ള നീക്കത്തെ തടഞ്ഞു. തെക്കുള്ള ഗിബെയോന്യരും ഹിവ്യരും യിസ്രായേല്യർക്കു കീഴടങ്ങിയിരുന്നു. യിസ്രായേല്യർ ഈ അഞ്ചുപേരടങ്ങുന്ന സഖ്യത്തെ ബേത്ത്–ഹോരെനിൽ വച്ചു തോല്പിക്കുകയും തെക്കു ഭാഗത്തേക്കുള്ള പാത ആക്രമണകാരികൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. കനാന്യരുടെ തേർപ്പട ഇവരെ തടഞ്ഞുവെങ്കിലും അവർ വേഗം മധ്യദക്ഷിണ മലമ്പ്രദേശങ്ങളും ജെസ്രീൽ സമഭൂമിക്കു വടക്കുള്ള ഗലീലാ പ്രദേശങ്ങളും കീഴടക്കി. യിസ്രായേലിൽ മെഡിറ്ററേനിയൻ മുതൽ യോർദ്ദാൻ വരെയുള്ള കോട്ടകൾ വടക്കുഭാഗത്തു താമസിച്ചിരുന്ന യിസ്രായേല്യ ഗോത്രങ്ങളെ മദ്ധ്യ കനാനിലെ ഗോത്രക്കാരിൽ നിന്നും ഒറ്റപ്പെടുത്തിക്കളഞ്ഞു. ഇരുനൂറു വർഷങ്ങളായി കാനാന്യരുടെ അധികാരത്തിലിരുന്ന യെഹൂദയെ യെരുശലേം കോട്ട കെട്ടി മധ്യഭാഗത്തുള്ള ഗോത്രക്കാരിൽ നിന്നും അകറ്റി. യിസ്രായേലിലെ പട്ടാളമേധാവികൾക്കെതിരെ വടക്കും മധ്യഭാഗത്തുള്ളതുമായ ഗോത്രക്കാർ തിരിഞ്ഞു. അവിടെ യുദ്ധം ഉണ്ടായി. പെട്ടെന്നു ഒരു കൊടുങ്കാറ്റടിച്ചു ജലം പൊങ്ങിയതു കൊണ്ട് കനാന്യരുടെ രഥപ്പടയ്ക്കു യുദ്ധം ചെയ്യാനായില്ല. അങ്ങനെ യിസ്രായേല്യർ കീശോൻ യുദ്ധത്തിൽ വിജയം കൈവരിച്ചു. വടക്കും മധ്യഭാഗത്തും ഉള്ള ഗോത്രങ്ങൾക്കും വീണ്ടും വെല്ലുവിളികൾ നേരിടേണ്ടതായി വന്നു. എന്നാൽ യെഹൂദ മറ്റുള്ള ഗോത്രങ്ങളിൽ നിന്നും അകന്നു കിടന്നതുകൊണ്ട് അവരെ ഇതൊന്നും ബാധിച്ചില്ല.

**ന്യായാധിപന്മാർ**

കനാന്യരെ പൂർണ്ണമായി നീക്കിക്കളയണം എന്നു യഹോവ യിസ്രായേല്യരോടു കല്പിച്ചിരുന്നു. (ആവ 7:2). അതനുസരിച്ചു യെഹൂദാമക്കൾ യെരുശലേമിനോടു യുദ്ധം ചെയ്തു നഗരം തീയിട്ടു ചുട്ടുകളഞ്ഞു. (ന്യായാ 1:8). എഫ്രയീമും പശ്ചിമ മനശ്ശെയും ബെഥേലിനെ നശിപ്പിച്ചു. (ന്യായാ 1:25). യിസ്രായേല്യർ കനാന്യരെ ഒഴിപ്പിക്കാതെ തങ്ങളുടെ ഇടയിൽ പാർക്കാൻ അനുവദിച്ചു. തത്ഫലമായി യിസ്രായേലിനു പരാജയം നേരിട്ടു തുടങ്ങി. ദാന്യരെ അമോര്യർ താഴ്വരയിലേക്കിറങ്ങാൻ സമ്മതിക്കാതെ മലനാട്ടിൽ ഒതുങ്ങിക്കളഞ്ഞു. (ന്യായ 1:27–34). യഹോവയെ വിട്ടകന്നു അന്യദൈവങ്ങളെ സേവിച്ച യിസ്രായേൽ ജനത്തെ ജാതികൾ ഞെരുക്കി; കവർച്ചക്കാർ അവരെ കൊള്ളയടിച്ചു. ഈ ഘട്ടത്തിൽ അവരെ രക്ഷിപ്പാൻ ദൈവം ന്യായാധിപന്മാരെ എഴുന്നേല്പിച്ചു. പതിനാലു ന്യായാധിപന്മാരുടെ കാലം (ന്യായാധിപന്മാരിൽ പന്ത്രണ്ടും 1 ശമുവേലിൽ ഏലിയും ശമുവേലും) യിസ്രായേലിന്റെ പിന്മാറ്റത്തിന്റെ പുനഃസ്ഥാപനത്തിന്റെ കാലമായിരുന്നു.

ന്യായാധിപന്മാരുടെ കാലത്ത് യിസ്രായേലിനെ ഞെരുക്കുകയും പീഡിപ്പിക്കുകയും ചെയ്ത ജാതികൾ അനേകമാണ്. പലസ്തീനു വടക്കുള്ള ഹിത്യരും, തെക്കുള്ള മിസ്രയീമ്യരും യിസ്രായേൽ മക്കളെ കഷ്ടപ്പെടുത്തി. യിസ്രായേലിനുണ്ടായ ആദ്യപീഡനം മെസൊപൊത്തോമ്യയിലെ രാജാവായ കൂശൻരിശാഥയീമിൽ നിന്നായിരുന്നു. ഒത്നിയേൽ കൂശൻ രിശാഥായീമിനെ തോല്പിച്ചു. തുടർന്നു നാല്പതു വർഷം ദേശത്തിനു സ്വസ്ഥത ലഭിച്ചു. (ന്യായാ 3:8–11). മോവാബു രാജാവായ എഗ്ലോനെ യിസ്രായേല്യർ പതിനെട്ടു വർഷം സേവിച്ചു. ഏഹൂദ് മോവാബ്യരിൽ നിന്നും യിസ്രായേലിനെ മോചിപ്പിച്ചു. തുടർന്നു ദേശത്തിനു എൺപതു വർഷം സ്വസ്ഥ ലഭിച്ചു. (ന്യായാ 3:12–30).

സഞ്ചാരജാതികളായ മിദ്യാന്യരും അമാലേക്യരും യിസ്രായേലിനെ കൊള്ളയടിച്ചു. അവരിൽ നിന്ന് യിസ്രായേലിനെ രക്ഷിച്ചതു ഗിദെയോനായിരുന്നു. (ന്യായാ 6:1–8:35). ഗിദെയോന്റെ മകനായ അബീമെലേക്കു യിസ്രായേലിൽ രാജാവാകാൻ ശ്രമം നടത്തി. തുടർന്നുണ്ടായ കുഴപ്പത്തിൽ നിന്നു മോചനം നല്കിയതു തോലയും യായീരും ആയിരുന്നു. യിസ്രായേൽമക്കൾ യഹോവയ്ക്കു അനിഷ്ടമായതു പ്രവർത്തിച്ചു. ദൈവം അവരെ ഫെലിസ്ത്യരുടെയും അമ്മോന്യരുടെയും കയ്യിൽ ഏല്പിച്ചു. അമ്മോന്യർ കിഴക്കും ഫെലിസ്ത്യർ പടിഞ്ഞാറും ഉള്ളവരായിരുന്നു. യിഫ്താഹ് അമ്മോന്യരിൽ നിന്നും യിസ്രായേലിനെ വിടുവിച്ചു.

യിസ്രായേല്യ സ്വാതന്ത്ര്യത്തിനു കഠിനമായ എതിർപ്പു നേരിടേണ്ടി വന്നതു പടിഞ്ഞാറു ഭാഗത്തു നിന്നായിരുന്നു. യിസ്രായേല്യർ യോർദ്ദാൻ കടന്നു വളരെക്കാലം കഴിയുന്നതിനു മുൻപ് ഏജിയൻ ദ്വീപിൽ നിന്നും തീരദേശത്തു നിന്നും സമുദ്രജനത കൂട്ടമായി കനാന്റെ പടിഞ്ഞാനെ തീരത്തു താമസമുറപ്പിക്കുകയും അഞ്ച് നഗരരാഷ്ട്രങ്ങൾ രൂപീകരിക്കുകയും ചെയ്തു. അവ അസ്തോദ്, അസ്ക്കലോൻ, എക്രോൻ, ഗസ്സ, ഗത്ത് എന്നിവയായിരുന്നു. ഈ ഫെലിസ്ത്യർ കനാന്യരുമായി വിവാഹത്തിലേർപ്പെടുകയും ഭാഷയിലും മതത്തിലും അവർ പെട്ടെന്നു കനാന്യരാവുകയും ചെയ്തു. എന്നാൽ രാഷ്ട്രീയ സൈനിക കാര്യങ്ങളിലും മറ്റും അവർ തങ്ങളുടെ മാതൃരാജ്യത്തിന്റെ നിയമങ്ങളെ പിൻതുടർന്നു. പഞ്ചനഗരത്തിൽ അധികാരം സ്ഥാപിച്ചു കഴിഞ്ഞശേഷം അവർ തങ്ങളുടെ അധികാരം യിസ്രായേലിന്റെ കൈവശത്തുള്ള പ്രദേശത്തു കൂടെ വ്യാപിപ്പിക്കുവാൻ ശ്രമിച്ചു. യിസ്രായേല്യർ സൈനിക ബലത്തിൽ പിന്നോക്കമായിരുന്നു.

ഫെലിസ്ത്യർക്ക് ഇരുമ്പായുധങ്ങൾ നിർമ്മിക്കാനറിയാമായിരുന്നു. അത് അവരുടെ കുത്തകയായി നിലനിന്നു. യിസ്രായേല്യർ കൃഷി ചെയ്യുന്നതിനു ഇരുമ്പായുധങ്ങൾ ഉപയോഗിക്കുമ്പോൾ ഫെലിസ്ത്യർ പറയുമായിരുന്നു 'നിങ്ങൾ ഞങ്ങളുടെ കൊല്ലന്മാരുടെ അടുക്കൽ ആയുധങ്ങൾ മൂർച്ച കൂട്ടാനായി വരേണ്ടിവരും. യിസ്രായേല്യർക്കു ആയുധങ്ങൾ മൂർച്ചകൂട്ടാനറിഞ്ഞുകൂടായിരുന്നു.

ജെസ്രീയൽ മുതൽ യോർദ്ദാൻ വരെ ഫെലിസ്ത്യർ തങ്ങളുടെ സാമ്രാജ്യം വികസിപ്പിച്ചു. അവരുടെ അധികാരം യിസ്രായേല്യരുടെ അസ്തിത്വത്തിനു ഭീഷണിയായിരുന്നില്ലെങ്കിലും അവരുടെ ദേശീയതയെ ബാധിച്ചു. എഫ്രയീമിലെ ശീലോവിലായിരുന്നു വിശുദ്ധമന്ദിരം. അവിടെ നിയമപെട്ടകം സൂക്ഷിച്ചിരുന്നു. അഹരോന്റെ വംശാവലിയിൽപ്പെട്ടവർ ഇവിടെ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ചിരുന്നു. ഫെലിസ്ത്യരോടു യുദ്ധം ഉണ്ടായപ്പോൾ യിസ്രായേല്യർ വിജയത്തിനായി നിയമപ്പെട്ടകം കൊണ്ടുവന്നു. ഈ യുദ്ധത്തിൽ ഏലിയും പുത്രന്മാരും മരിച്ചു. നിയമപ്പെട്ടകം ഫെലിസ്ത്യർ പിടിച്ചെടുക്കുകയും ശീലോവും വിശുദ്ധമന്ദിരവും നശിപ്പിക്കുകയും ചെയ്തു. പൗരോഹിത്യം തുടച്ചു നീക്കപ്പെട്ടു. യിസ്രായേൽ ഗോത്രങ്ങളെ ഒരുമിച്ചു നിറുത്തിയിരുന്ന ദൃശ്യബന്ധങ്ങളെല്ലാം അപ്രത്യക്ഷമായി; അതോടൊപ്പം അവരുടെ രാഷ്ട്രീയ ഐക്യവും. എന്നാൽ യിസ്രായേലിന്റെ ഏറ്റവും വലിയ നായകനായ ശമുവേലിന്റെ ഇടപെടൽ മൂലം അവരുടെ രാഷ്ട്രീയ ഐക്യം കൂടുതൽ കരുത്തുറ്റതായിത്തീർന്നു. മോശെയപ്പോലെ ശമുവേലും ഒരു പ്രവാചകനും പുരോഹിതനും ന്യായാധിപനുമായിരുന്നു. അദ്ദേഹം യിസ്രായേൽ ജനത്തെ യഹോവയോടടുപ്പിച്ചു. ഏബനേസെറിൽ വച്ചു നടന്ന രണ്ടാമത്തെ യുദ്ധത്തിൽ ശമുവേൽ പ്രവാചകൻ ഫെലിസ്ത്യരെ നിശ്ശേഷം പരാജയപ്പെടുത്തി. (1 ശമു 7:6–13). അനന്തരം ശമുവേൽ പ്രവാചകൻ ന്യായാധിപന്റെ അധികാരങ്ങൾ പലതും അഴിമതിക്കാരായ പുത്രന്മാർക്കു നല്കി. (1 ശമു 8:3). വീണ്ടും ഫെലിസ്ത്യർ ക്രൂരന്മാരായി രംഗപ്രവേശം ചെയ്തു. അവർ അസംഘടിതരായ യിസ്രായേൽ ജനത്തെ കീഴടക്കാൻ ശ്രമിച്ചു.

**ഐക്യയിസ്രായേൽ**

ശമുവേൽ പ്രവാചകൻ വൃദ്ധനായപ്പോൾ അനന്തരാവകാശിയെക്കുറിച്ചുള്ള പ്രശ്നമുയർന്നു. ജനം ഒരു രാജാവിനെ ആവശ്യപ്പെട്ടു. തങ്ങളുടെ യുദ്ധം ചെയ്യേണ്ടതിനു മറ്റു ജാതികൾക്കുള്ളതുപോലെ ഒരു രാജാവിനെ അവർ ആവശ്യപ്പെട്ടു. (1 ശമു 8:5,20). ബെന്യാമീൻ ഗോത്രത്തിലെ ശൗലിനെ രാജാവായി അഭിഷേഖം ചെയ്യുവാൻ യഹോവ ശമുവേലിനെ അധികാരപ്പെടുത്തി. (1 ശമു 8:22, 10:10). ശൗലിന്റെ രാജത്വസ്ഥിരീകരണത്തിനു മൂന്നു ഘട്ടങ്ങളുണ്ടായിരുന്നു.

1. ശമുവേൽ പ്രവാചകൻ സ്വകാര്യമായി ശൗലിനെ അഭിഷേകം ചെയ്യുകയും ദൈവത്തിന്റെ ആത്മാവു അവന്റെമേൽ വരികയും ചെയ്തു. (10:10).
2. മിസ്പയിൽ വച്ചു ശൗലിനെ പരസ്യമായി തിരഞ്ഞെടുത്തു. (10:24).
3. അമ്മോന്യരുടെ ആക്രമണത്തിൽ നിന്നും യാബേശ് – ഗിലെയാദിനെ മോചിപ്പിച്ചതിനുശേഷം ഗില്ഗാലിൽ വച്ചു ശൗലിന്റെ രാജത്വം പൊതുജന സമക്ഷം സ്ഥിരീകരിക്കപ്പെട്ടു.

1 ശമുവേൽ 11. ശൗലിന്റെ നാല്പതു വർഷത്തെ ഭരണത്തിൽ പ്രധാനപ്രശ്നം ഫെലിസ്ത്യരായിരുന്നു. ശമുവേലിന്റെ പാത പിൻതുടർന്നപ്പോൾ ശൗൽ എല്ലായിടത്തും വിജയം വരിച്ചു. ബെന്യാമീനിലെ ഗിബെയയായിരുന്നു തലസ്ഥാനം. അവിടെ നിന്നും ശത്രുക്കളെയെല്ലാം തുരത്തി വീരപരാക്രമം കാട്ടി. 14:47,48. യിസ്രായേലിന്റെ അജയ്യ ശത്രുക്കളായിരുന്ന അമാലേക്യരെ നശിപ്പിക്കണമെന്നു കല്പന കൊടുത്തിട്ടും ശൗൽ അനുസരിക്കാതെ അവരുടെ രാജാവിനെയും ദൈവത്തിനു വഴിപാടു അർപ്പിക്കാനെന്ന വ്യാജേന കൊള്ളയിലെ വിശിഷ്ടവസ്തുക്കളെയും കേടുകൂടാതെ സൂക്ഷിച്ചു. അനുസ രിക്കുന്നതു യാഗത്തെക്കാളും നല്ലതു എന്നു ശമുവേൽ വ്യക്തമാക്കി. (15:22). അനുസര ണക്കേടു മൂലം രാജത്വത്തിൽ നിന്നും ശൗൽ നിഷ്ക്കാസിതനായി. യിശ്ശായീപുത്രനായ ദാവീദിനെ ശമുവേൽ പ്രവാചകൻ രഹസ്യമായി യിസ്രായേൽ രാജാവായി അഭിഷേകം ചെയ്തു. (16:13). അഭിഷേഷം ചെയ്യപ്പെടുമ്പോൾ ദാവീദിനു പതിനഞ്ചു വയസ്സിനടുത്തു പ്രായമേയുള്ളൂ. ഫെലിസ്ത്യ മല്ലനായ ഗൊല്യാത്തിനെ ജയിച്ചതോടുകൂടി ദാവീദു പരക്കെ അറിയപ്പെട്ടു. ശൗലിന്റെ അസൂയ നിമിത്തം കൊട്ടാരം വിട്ടു പോകേണ്ടിവന്ന ദാവീദ് യുദ്ധങ്ങളിൽ പ്രഖ്യാതനായി. രാജാവിന്റെ വൈരം നിമിത്തം ദാവീദും കൂട്ടരും പ്രവാസി കളായി. യെഹൂദയിൽ അവർ നിയമഭ്രഷ്ടരായി. ഒടുവിൽ ദാവീദ് ഗത്തിലെ ഫെലിസ്ത്യ രാജാവായ ആഖീശിന്റെ അടുക്കൽ അഭയം പ്രാപിച്ചു. ശൗൽ ദാവീദിനെ പിന്തുടർന്ന കാലത്തു ഫെലിസ്ത്യർ യിസ്രായേലിന്റെ മേൽ മൂന്നാമതൊരാക്രമണത്തിനു വട്ടംകൂട്ടു കയായിരുന്നു. ബി.സി.1010–ൽ ഗിൽബോവാ പർവ്വതത്തിൽ വച്ചു നടന്ന യുദ്ധത്തിൽ ശൗൽ ആത്മഹത്യ ചെയ്തു.

ശൗലിന്റെ മരണത്തെക്കുറിച്ചറിഞ്ഞ ദാവീദ് ഹെബ്രോനിൽ പോയി. അവിടെ വച്ചു ദാവീദ് യെഹൂദാഗൃഹത്തിനു രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. (2 ശമു 2:4). എന്നാൽ ശൗലിന്റെ അനുകൂലികൾ ശൗലിന്റെ പുത്രനായ ഈശ് – ബോശെത്തിനെ വടക്കും കിഴക്കുമുള്ള ഗോത്രങ്ങൾക്കു രാജാവാക്കി. തുടർന്നുണ്ടായ ആഭ്യന്തരയുദ്ധത്തിൽ ദാവീദ് വിജയിച്ചു. ഹെബ്രോനിൽവച്ചു ദാവീദിനെ യിസ്രായേൽ ഗോത്രങ്ങളെല്ലാം രാജാവായി അംഗീകരിച്ചു. യിസ്രായേലിൽ നിന്നു ഫെലിസ്ത്യരെ തോല്പിച്ചോടിച്ചതു ദാവീദായി രുന്നു. ദാവീദാ യിസ്രായേലിനു രാജാവായി എന്നു കേട്ടപ്പോൾ ഫെലിസ്ത്യർ വന്നു ദാവീദിനെ പിടിപ്പാൻ ശ്രമിച്ചു. ബാൽ–പെരാസീമിൽ വച്ചു ദാവീദ് അവരെ തോല്പിച്ചു. വീണ്ടും ദാവീദ് ഫെലിസ്ത്യരെ തോല്പിക്കുകയും അവരുടെ ഗത്ത് പിടിച്ചെടുക്കുകയും ചെയ്തു. ഭരണത്തിന്റെ ഏഴാം വർഷത്തിൽ ദാവീദ് യെരുശലേം പിടിച്ചടക്കി തന്റെ സാമ്രാജ്യത്തിന്റെ തലസ്ഥാനമാക്കി. യെരുശേലം ഒരു മതകേന്ദ്രമായി മാറി. പ്രവാസ ത്തിൽ നിന്നും നിയമപെട്ടകം തിരികെകൊണ്ടു വന്നു സിയോൻ മലയിൽ ആലയത്തിൽ സ്ഥാപിച്ചു.

കനാൻദേശത്തു യിസ്രായേലിന്റെ സ്വാതന്ത്ര്യവും അധികാരവും സ്ഥാപിച്ചശേഷം ദാവീദ് പല പ്രദേശത്തും കീഴടക്കി. ദാവീദിന്റെ സാമ്രാജ്യം ഈജിപ്റ്റിന്റെ അതിർത്തി മുതൽ യൂഫ്രട്ടീസ് വരെ വ്യാപിച്ചിരുന്നു. യെരുശലേമിൽ യഹോവയ്ക്ക് ഒരു മന്ദിരം നിർമ്മിക്കുവാൻ ദാവീദ് ആഗ്രഹിച്ചു. അധികം രക്തെ ചിന്തിയതു കൊണ്ടു ദൈവാലയം പണിയുവാനുള്ള അധികാരം ദാവീദിനു നല്കിയില്ല. "യഹോവ നിനക്കൊരു ഗൃഹം ഉണ്ടാക്കുമെന്നു" പ്രവാചകൻ ദാവീദിനെ അറിയിച്ചു. 2 ശമു 7:11. ദാവീദിന്റെ പില്ക്കാല ജീവിതെ ശോഭനമായിരുന്നില്ല. വ്യഭിചാരം, കൊലപാതകം തുടങ്ങിയ പാപങ്ങൾക്കു വിധേയനായ അദ്ദേഹം പുത്രന്മാരെ നിയന്ത്രിച്ചില്ല. ഇവരുടെയൊക്കെയും ഫലം ദാവീദ് അനുഭവിച്ചു. അബ്ശാലോമിന്റെ മത്സരം ഉത്തര യിസ്രായേലും ദക്ഷിണ യെഹൂദയും തമ്മിലുള്ള വൈരം വളർത്തി. (19:41–43). വളരെ വിസ്തൃതമായ സാമ്രാജ്യമാണ് ദാവീദ് പുത്രനായ ശലോമോനു കൈമാറിയത്. രക്തച്ചൊരിച്ചിലിനോടു കൂടിയാണ് ശലോമോൻ സിംഹാസത്തിൽ സ്ഥിരപ്പെട്ടതെങ്കിലും അദ്ദേഹത്തിന്റെ വാഴ്ചക്കാലം സമാധാന പൂർണ്ണവും സംസ്ക്കാരസമ്പന്നവും ആഡംബരഭരവുമായിരുന്നു. നാല്പതു വർഷത്തെ ഭരണത്തിൽ ഒരു യുദ്ധമാണ് ശലോമോനു ചെയ്യേണ്ടിവന്നത്. (2 ദിന 8:3). ഈജിപ്റ്റിലെ ഫറവോനുമായി വിവാഹബന്ധത്തിലൂടെ സഖ്യത നേടി. (1 രാജാ 3:1). അനുപമമായ ജ്ഞാനത്തിനു പ്രഖ്യാതി നേടിയ ശലോമോൻ സദൃവാക്യങ്ങളും സഭാപ്രസംഗിയും ഉത്തമഗീതവും മറ്റനേകം കൃതികളും രചിച്ചു. ദാവീദ് സംഭരിച്ചു വച്ചിരുന്ന വസ്തുതകളുപയോഗിച്ചു മനോഹരമായ യെരുശലേം ദൈവാലയം പണിതു. ദൈവാലയനിർമ്മാണത്തിനും മറ്റും വികസനപദ്ധതികൾക്കും കൊട്ടാരത്തിലെ നിത്യചെലവുകൾക്കുമായി രാജ്യത്തു ഭാരിച്ച നികുതി ചുമത്തുകയും നിർബന്ധമായ ഊഴിയവേല ഏർപ്പെടുത്തുകയും ചെയ്തു. നികുതി പിരിവിനന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി സാമ്രാജ്യത്തെ 12 ഭരണപരമായ ജില്ലകളായി തിരിച്ചു. നികുതിഭാരം ജനത്തിനു അസഹ്യമായിത്തീർന്നു. ഭരണകാലത്തിന്റെ ഒടുവിൽ ശലോമോനു കീഴടങ്ങിയിരുന്ന പല രാഷ്ട്രങ്ങളും സ്വതന്ത്രമായി. ഭാര്യമാരുടെയും വെപ്പാട്ടികളുടെയും ആധിക്യം (700 കുലീന പത്നികൾ, 3000 വെപ്പാട്ടികൾ) ശലോമോന്റെ ആത്മീക തകർച്ചയ്ക്കു കാരണമായി. കൂടിക്കലർച്ച അരുതെന്നു യഹോവ കല്പിച്ചിരുന്ന പരജാതീയരിൽ നിന്നായിരുന്നു ഇവരിലധികവും. ഇക്കാരണത്താൽ ശലോമോന്റെ സാമ്രാജ്യം രണ്ടായി വിഭജിക്കപ്പെടുമെന്നു യഹോവ അരുളിച്ചെയ്തു. (1 രാജാ 11:8–12). ബി.സി. 930–ൽ ശലോമോൻ മരിച്ചു. രാജത്വം ഉറപ്പിക്കുവാൻ രെഹബെയാം ശെഖേമിലേക്കു ചെന്നു. ശലോമോന്റെ സേച്ഛാധിപത്യത്തിൽ നിന്നുള്ള വിടുതൽ ജനം ആവശ്യപ്പെട്ടു. രെഹബെയാം അതു നിരസിച്ചപ്പോൾ വടക്കുള്ള പത്തു ഗോത്രങ്ങൾ വേർപെട്ടു എഫ്രയീമ്യനായ യെരൊബെയാമിന്റെ കീഴിൽ യിസ്രായേൽ രാജ്യമായിത്തീർന്നു. (1 രാജാ 12:4). അങ്ങനെ യിസ്രായേൽ തെക്കു യെഹൂദാ

എന്ന പേരിലും വടക്കു യിസ്രായേൽ എന്ന പേരിലും രണ്ടു രാജ്യങ്ങളായി. ദാവീദിന്റെയും ശലോമോന്റെയും പിൻഗാമികൾ യെരുശലേം തലസ്ഥാനമാക്കി ഭരിച്ചു.

**വിഭക്ത യിസ്രായേൽ**

യിസ്രായേലിലെ പത്തു ഗോത്രങ്ങൾ യെരൊബെയാമിന്റെ കീഴിൽ യിസ്രായേൽ എന്നും തെക്കുള്ള രണ്ടു ഗോത്രങ്ങൾ (യെഹൂദയും ബെന്യാമീനും) യെഹൂദയെന്നും അറിയപ്പെട്ടു. യെഹൂദ മുന്നൂറ്റി അമ്പതോളം വർഷം നിലനിന്നു. ദാവീദിന്റെ വംശമാണ് യെഹൂദയെ ഭരിച്ചത്. ഭൂവിസ്തൃതി, ഫലപുഷ്ടി, വിദേശവാണിജ്യബന്ധങ്ങൾ എന്നിവകളാൽ അനുഗ്രഹീതമായിരുന്നു ഉത്തരയിസ്രായേൽ. എന്നാൽ സമ്പത്തിന്റെ ആധിക്യം അവരെ യഹോവയിൽ നിന്നകറ്റി. ഭരണത്തിന്റെ അസ്ഥിരതയായിരുന്നു യിസ്രായേലിനെ ബാധിച്ച ഏറ്റവും വലിയ പ്രശ്നം. വെറും 210 വർഷം നിലനിന്ന യിസ്രായേലിനെ ഭരിച്ചതു ഒമ്പതു രാജവംശങ്ങളാണ്. പത്തൊമ്പതു രാജാക്കന്മാർ യിസ്രായേലിനെ ഭരിച്ചപ്പോൾ ഇരുപതു രാജാക്കന്മാരാണ് യെഹൂദയെ ഭരിച്ചത്. ഒരു നല്ല രാജാവിനെ എടുത്തു കാണിക്കുവാൻ യിസ്രായേലിൽ ഇല്ലെന്നു തന്നെ പറയാം. ഏറ്റവുമധികം ദുഷ്ടത പ്രവർത്തിച്ച രാജാവായി ചിരപ്രതിഷ്ഠ നേടിയ നാമം ആഹാബിന്റേതാണ്.

വിഭക്തയിസ്രായേലിന്റെ സ്ഥാപകനായ യെരൊബെയാം ദാനിനെയും (വടക്കെ അറ്റം) ബെഥേലിനെയും (യെഹൂദയുടെ അതിരിന്നടുത്ത്) ദേശീയ പ്രാധാന്യമുള്ള വിശുദ്ധമന്ദിര സ്ഥാപനങ്ങളാക്കി മാറ്റി. ബെഥേലിലും ദാനിലും യെരൊബെയാം രണ്ടു സ്വർണ്ണ കാളക്കുട്ടികളെ ഉണ്ടാക്കി പ്രതിഷ്ഠിക്കുകയും യഹോവയ്ക്കു പകരം അവയെ ആരാധിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെച്തു. യഹോവയുടെ അദൃശ്യസിംഹാസനത്തിന്റെ ദൃശ്യപാദങ്ങളായിട്ടാണ് ഈ കാളക്കുട്ടികളെ വിഭാവനം ചെയ്തത്. യെരുശലേം ദൈവാലയത്തിലെ സ്വർണ്ണ കെരൂബുകളുടെ സ്ഥാനമായിരുന്നു ഇവയ്ക്ക്. യെരൊബെയാമിന്റെ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ മിസ്രയീമ്യർ ശീശക്കിന്റെ നേതൃത്വത്തിൽ രണ്ടു എബ്രായ സാമ്രാജ്യങ്ങളെയും ആക്രമിച്ചു. തെക്കുഭാഗത്തുള്ള യെഹൂദയാണ് ഏറെ പീഡിപ്പിക്കപ്പെട്ടത്. അതിനാൽ ദാവീദ് വംശം തങ്ങൾക്കു നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരികെ പിടിച്ചെടുക്കുമെന്നു യിസ്രായേല്യർക്കു ഭയപ്പെടേണ്ട ആവശ്യമില്ലായിരുന്നു. അനന്തരം യെരോബെയാം രെഹബെയാമിന്റെ പുത്രനായ അബീയാമിനെ ആക്രമിച്ചു. യെഹൂദ്യർ തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയിൽ ആശ്രയിച്ചതുകൊണ്ടു ജയം പ്രാപിച്ചു. 2 ദിന 13:18. എന്നാൽ ഉത്തരഭാഗത്തു നിന്നു ഒരു കഠിഭീഷണി ഉയർന്നു. ശലോമോന്റെ വാഴ്ചക്കാലത്തു സ്ഥാപിതമായ ദമ്മേശെക്കിലെ അരാമ്യ സാമ്രാജ്യമായിരുന്നു ആ ഭീഷണി. അവർ യിസ്രായേലിന്റെ പ്രദേശങ്ങൾ ആക്രമിക്കാൻ തുടങ്ങി. അരാമും യിസ്രായേലും തമ്മിൽ നൂറുവർഷം നീണ്ടു നിന്ന യുദ്ധത്തിന്റെ തുടക്കം ഇതായിരുന്നു. ഈ യുദ്ധം യിസ്രായേലിനെ നിരാശയിലാഴ്ത്തി.

# എബ്രായൻ

ബൈബിളിൽ ആദ്യമായി എബ്രായൻ എന്നു വിളിക്കപ്പെട്ട വ്യക്തി അബ്രഹാമാണ്. (ഉല്പത്തി 14:13). അനന്തരം അബ്രഹാമിന്റെ പുത്രനായ യിസ്ഹാക്കും സന്തതികളും എബ്രായൻ എന്നറിയപ്പെട്ടു. (ഉല്പത്തി 40:15, 43:32, പുറ 2:11). എബ്രായ അടികളെ സംബന്ധിക്കുന്ന നിയമങ്ങൾ ന്യായപ്രമാണത്തിലുണ്ട്. (പുറ 21:1–11, ആവ 15:12–18) ഫെലിസ്ത്യർ യിസ്രായേല്യരെ എബ്രായർ എന്നു വിളിച്ചു. 1 ശമു 4:6,9; 13:3, 14:11, 29:3. നീ ഏതു ജാതിക്കാരൻ എന്ന ചോദ്യത്തിന് 'ഞാൻ ഒരു എബ്രായൻ' എന്നു യോനാപ്രവാചകൻ (1:9) മറുപടി നല്കി. യിസ്രായേല്യർ തങ്ങളുടെ ജാതിനാമത്തിൽ അഭിമാനം കൊണ്ടിരുന്നു. പിതാക്കന്മാരുടെ പാരമ്പര്യങ്ങളും ഭാഷയും നിലനിർത്തി വംശത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുന്നതിൽ എബ്രായർ ജാഗരൂകരായിരുന്നു. പൗലൊസപ്പൊസ്തലൻ തന്നെക്കുറിച്ച് 'എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ' എന്നു പറയുന്നു. (ഫിലി 3:5).

എബ്രായ ശബ്ദത്തിന്റെ ഉൽപത്തി വിവാദവിഷയമാണ്. മൂന്നു വിധത്തിലുള്ള നിഷ്പാദമാണ് പൊതുവെ ഉള്ളത്. അബ്രഹാമിന്റെ പൂർവ്വികനായ ഏബെരിൽ നിന്ന് (ഉല്പത്തി 10:21, 24, 25, 11:14–16, ലൂക്കൊ 3:35). ഏബെർ എന്ന പേര് എബ്രായൻ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നതും ചിന്താർഹമാണ്. അബ്രഹാമിനു ലഭിച്ച നിയമവാഗ്ദത്തം ശേമിനോടു ബന്ധിപ്പിക്കുന്നതിന് ഈ പേർ സഹായകമാണ്. ശേമിന്റെ വംശത്തോടു യഹോവയെ ബന്ധപ്പെടുത്തിയുള്ള നോഹയുടെ സ്തവം (ഉല്പത്തി 9:26) മല്ക്കീസേദെക്കു അബ്രഹാമിനെ അനുഗ്രഹിക്കുമ്പോൾ ചെയ്യുന്ന സ്തുതിഗീതത്തിൽ പ്രതിധ്വനിച്ചിട്ടുണ്ട്. (ഉല്പത്തി 14:19–20. എബ്രായ – ശേമ്യരിലൂടെയാണ് യഹോവയുടെ നിയമബദ്ധമായ അനുഗ്രഹം വരുന്നതെന്ന് വ്യക്തമാക്കി.

കടക്കുക എന്നർത്ഥമുള്ള 'അവാർ' എന്ന ധാതുവിൽ നിന്ന്. ഇതനുസരിച്ച് എബ്രായനായ അബ്രഹാം നദി കടന്ന അബ്രഹാമാണ്. (ഉല്പത്തി 14:13). ഫ്രാത്ത് അഥവാ യൂഫ്രട്ടീസ് നദി കടന്നാണ് അബ്രഹാം കനാനിലെത്തിയത്. (യേശുവ 24:2,3).

ഹബിരു എന്ന പേരിൽ നിന്ന് ബി.സി.15,14 നൂറ്റാണ്ടുകളിലെ നൂസി–ഹിത്യ, അമർണാ രേഖകളിൽ പ്രത്യക്ഷപ്പെട്ട ഒരു ജനവിഭാഗമാണ് ഹബിരു. ബി.സി.14–ാം നൂറ്റാണ്ടിൽ 'ഹബിരു' ജനത പലസ്തീനിൽ പ്രവേശിച്ചതായി കരുതപ്പെടുന്നു. എബ്രായർ 'ഹബിരു' വിന്റെ ഒരു വിഭാഗമായിരുന്നു എന്ന ധാരണ ഇനിയും വിവാദതലത്തെ കടന്നിട്ടില്ല.

# ഇന്ത്യൻ ഭരണനേതൃത്വത്തിന്റെ ഇന്നത്തെ സ്ഥിതിയും - അതിന്റെ ഫലവും

സദൃ 29:2,16 നീതിമാന്മാർ വർദ്ധിക്കുമ്പോൾ ജനം സന്തോഷിക്കുന്നു; ദുഷ്ടൻ ആധിപത്യം നടത്തുമ്പോഴോ ജനം നെടുവീർപ്പിടുന്നു.

ദുഷ്ടന്മാർ പെരുകുമ്പോൾ അതിക്രമം പെരുകുന്നു.

സദൃ 29:12 അധിപധി നുണ കേൾപ്പാൻ തുടങ്ങിയാൽ അവന്റെ ഭൃത്യന്മാരൊക്കെയും ദുഷ്ടന്മാരാകും.

(കൂടുതൽ വിവരങ്ങൾ എഡിറ്റോറിയലിൽ വായിച്ചാലും.)

യെഹസ്കേൽ 22:30 ഞാൻ ദേശത്തെ നശിപ്പിക്കാതെവണ്ണം അതിനു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു; ആരെയും കണ്ടില്ലതാനും.

**നാം പ്രാർത്ഥിച്ച് പ്രവർത്തിച്ച് ദൈവഹിതം നിറവേറ്റാം.**

**MAY 2018**

Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.